No. 167

October 2001

# KERALA PRIVATE COLLEGE TEACHER



THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION



*Let's renew our pledge for* **PEACE**

KERALA PRIVATE COLLEGE TEACHER

EDITORIAL BOARD

Chief Editor
K. JAGANNATHAN NAIR

Managing Editor
S. JAYARAJ KUMAR

Assistant Editor
V. JAYAKUMAR

Members
Thomas Joseph
A. Prathapachandran Nair
V. Rajagopalan
M.P. Vijayalekshmi
K. Sasidharan
T.N. Manoharan
K.S. Pavithran
Dr. R.B. Rajalekshmi
M. Shahul Hammed
J. Raju
G.S. Suresh
Mathew J. Muttath
M. S. Vasantha Kumar
M.D. Ratheesh Kumar
Dr. C. R. Prasad
Dr. K. H. Subramanian

KERALA PRIVATE
COLLEGE TEACHER
MONTHLY JOURNAL OF THE AKPCTA
OCTOBER 2001



# No. 167

# contents

## In Focus: IUCC Report on Autonomous Colleges



*Whither Indian Education- Dr. K.N. Panickar* 18

37 ഇതും കേരള മോഡൽ ഡോ. ആർ.ബി. രാജലക്ഷ്മി

എഡിറ്റോറിയൽ ........ 4
പ്രവർത്തകസമിതി തീരുമാനങ്ങൾ ........ 7
പ്രവർത്തക ക്യാമ്പ് റിപ്പോർട്ട് ........ 8
സ്മൃതിരേഖകൾ ........ 27
സമരപഥങ്ങൾ ........ 28
*The Gymnast's Best Fall (Poem)* ........ 33
ജില്ലാവാർത്തകൾ ........ 34
സർവീസ് പംക്തി ........ 36
പുസ്തകലോകം ........ 38
*The Economic Focus* ........ 40
ശാസ്ത്രജാലകം ........ 42
*Sports Line* ........ 44
*Abstract of Ph.D Thesis* ........ 46
സർക്കാർ ഉത്തരവുകൾ ........ 49

കവർ ഡിസൈൻ: കാരയ്ക്കാമണ്ഡപം വിജയകുമാർ

എഡിറ്റോറിയൽ

# യൂണിവേഴ്സിററി ഓർഡിനൻസ്- ഒരു ചാവേർ ആക്രമണം!

“ഒസാമ ബിൻ ലാദൻ ! ഹാ ! എത്ര പാവം മനുഷ്യൻ !” - എന്ന് പറയാൻ തോന്നി പ്പോകുന്നു; ശ്രീമാൻ ആന്റണിയും കൂട്ടരും യൂണിവേഴ്സിററികൾ പിടിച്ചെടുക്കാൻ നട ത്തിയ ഒളിപ്പോര് കണ്ടപ്പോൾ! ആർക്ക് വേണ്ടിയാണീ ചാവേർ ആക്രമണം?

നിയമാനുസരണം തെരഞ്ഞെടുപ്പ് നടത്തി അധികാരത്തിലെത്തിയ യൂണിവേഴ്സിററി ഭരണസമിതികളെ പിരിച്ചുവിടാനും, പുറം വാതിലിലൂടെ ഭരണം കൈയേറാനും നടന്ന ജു ഗുപ്സാവഹമായ അധികാര ദുർവിനിയോഗമാണ് യൂണിവേഴ്സിററി ഓർഡിനൻസ്.

യു.ഡി.എഫ് സർക്കാർ അധികാരത്തിലേറിയ നാൾ മുതൽ കേരളത്തിലെ ജനാധിപത്യ സ്ഥാപനങ്ങളും, വിദ്യാഭ്യാസ-സാംസ്കാരിക സ്ഥാപനങ്ങളും, പൊതുമേഖലാ സ്ഥാപന ങ്ങളും കടുത്ത ഭീഷണി നേരിടുകയാണ്. എട്ടാം ക്ലാസ്സ് പാഠപുസ്തകം ഒഴിവാക്കി. ഓം ബുഡ്സ്മാൻ, ചരിത്ര ഗവേഷണ കൗൺസിൽ എന്നിവ പിരിച്ചു വിട്ടു. അൺ ഇക്കണോമി ക്ക് എന്ന ന്യായം പറഞ്ഞ് 2644 സ്കൂളുകൾ അടച്ചു പൂട്ടാനുള്ള ശ്രമം തുടങ്ങി. ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ ബോർഡുകൾ പിടിച്ചടക്കാനുള്ള ശ്രമം നടക്കുന്നു. P.W.D., KTDC, വനം തുടങ്ങിയ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ഗസ്റ്റ് ഹൗസുകളും, ഹോട്ടലു കളും, സ്വകാര്യ ഏജൻസികൾക്ക് വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു. തൊഴിൽ മേഖല യിൽ പിരിച്ചുവിടലും, പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കാതിരിക്കലും, അഭ്യസ്തവിദ്യ രായ യുവജനങ്ങളെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നവിധം നിയമനനിരോധനം ഏർ പ്പെടുത്തലും യാതൊരു ഉളുപ്പുമില്ലാതെ നടപ്പിലാക്കിയിരിക്കുന്നു. പൊതുജനങ്ങളേയും ചെറുപ്പക്കാരേയും പ്രതികൂലമായി ബാധിച്ചിട്ടുള്ള ഈ തീരുമാനങ്ങൾ കഴിഞ്ഞ നാലുമാ സങ്ങൾകൊണ്ട് യുഡിഎഫ് നടത്തിയ ചാവേർ ആക്രമണങ്ങളാണ്.

കൂടാതെ വൈദ്യുതി നിരക്ക്, യാത്രക്കൂലി എന്നിവക്രമാതീതമായി വർദ്ധിപ്പിച്ചുകൊ ണ്ടും നിത്യോപയോഗ സാധനങ്ങളുടെ വില കുത്തനെ ഉയർത്തിയും നടത്തിയ ബിൻ ലാദൻ മോഡൽ ഒളിപ്പോര് വേറെയുമുണ്ട്. ആരെ രക്ഷിക്കാൻവേണ്ടിയാണ് ഈ ആക്രമ ണങ്ങൾ?

കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്ക പ്പെട്ട സിൻഡിക്കേററുകളെ സ്വന്തം കൈപ്പിടിയിലൊതുക്കാനും അതുവഴി കേരളത്തിലെ സ്വാശ്രയ-സ്വകാര്യമേഖലകൾക്ക് വിദ്യാഭ്യാസ രംഗം മൊത്തമായി പതിച്ചുകൊടുക്കാനു മുള്ള സർക്കാർ ശ്രമം ഇപ്പോൾ പുതിയ കണ്ടെത്തലുകൾ നടത്തിക്കൊണ്ടിരിക്കുന്നു. കണ്ണൂർ സർവ്വകലാശാല സിൻഡിക്കേററ് പിരിച്ചുവിട്ട് സ്വന്തക്കാരെ മാത്രം ചേർത്ത് പുതിയ സിൻ ഡിക്കേററുണ്ടാക്കാൻ തീരുമാനിച്ചു. കേരള-കോഴിക്കോട്-എം.ജി.സർവ്വകലാശാലകളിലേക്ക് അഞ്ച് അംഗങ്ങളെ വീതം കൂടുതലായി നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഓർഡിനൻ സ് പുറപ്പെടുവിച്ചിരിക്കുന്നു. വിവര-ജൈവ സാങ്കേതിക വിദ്യകളുടെ പ്രാതിനിധ്യം സിൻ ഡിക്കേററിൽ ഉറപ്പിക്കാനെന്ന സർക്കാർ ഭാഷ്യത്തിന്റെ മറവിലാണിത്. ഇത് ശുദ്ധ അസം ബന്ധമാണ്. സർവ്വകലാശാല ഭരണത്തിന്റെ ബാലപാഠം അറിയുന്ന ആരും ഇത്തരത്തിൽ ചിന്തിക്കുകയില്ല.

സർവ്വകലാശാലാ സിൻഡിക്കേററ് ഒരു അക്കാദമിക് സമിതിയല്ല. മറിച്ച് മുഖ്യഭരണ നിർവ്വഹണസമിതിയാണ്. യൂണിവേഴ്സിററി അദ്ധ്യാപകർ, സർക്കാർ - സ്വകാര്യ കോളജ് അദ്ധ്യാപകർ - പ്രിൻസിപ്പൽമാർ - മാനേജർമാർ, വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത ബിരുദധാരികൾ, പട്ടിക ജാതി പട്ടിക വർഗക്കാർ എം. എൽ.എമാർ തുടങ്ങി വിവിധ ജനവിഭാഗങ്ങളുടെ പ്രതിനിധികളാണ് ഈ സമിതിയിലെ 14 അംഗങ്ങൾ. വൈസ് ചാൻസിലർ, പ്രോ വൈസ്ചാൻസിലർ, ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, കോളജ് വിദ്യാഭ്യാസ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നീ അഞ്ച് അംഗങ്ങളും ഉൾപ്പെടെ 19 പേരാണ് സിൻഡിക്കേററിലുണ്ടാവുക. അതായത് ഏതെങ്കിലും ഒരു പാഠ്യവിഷയത്തിന്റെ പ്രതിനിധി എന്ന നിലയിൽ ആരും സിൻഡിക്കേററിലെത്തുന്നില്ല. എന്നിരിക്കെ രണ്ടു വിഷയങ്ങളുടെ മാത്രം പ്രതിനിധികളെ ഉൾപ്പെടുത്തി സിൻഡിക്കേററുകളെ സർക്കാർ നിയന്ത്രണത്തിലാക്കാനുള്ള കുറുക്കു വഴിയാണ് ഇപ്പോൾ പുറത്തിറക്കിയ യൂണിവേഴ്സിററി ഓർഡിനൻസ്. ഇതൊരു ചാവേർ ആക്രമണമാണ്! ഇത് സർക്കാരിന്റെ ദുരന്ത സൂചന കൂടെയാണ്!

സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലാണ് പഠനകാര്യങ്ങൾ തീരുമാനിക്കുന്ന സമിതി. ഇതിൽ വിവിധ വിഷയങ്ങളുടെ പ്രതിനിധികളുണ്ട്. വിവിധ വിഷയങ്ങൾക്കുവേണ്ടി വേറെ വേറെ ഫാക്കൾററികളും, ബോർഡ് ഓഫ് സ്റ്റഡീസുമുണ്ട്. ഇവയിലേക്ക് ഏതെങ്കിലുമൊരു പ്രത്യേക വിഷയത്തിന്റെ പ്രതിനിധിയെ നോമിനേററു ചെയ്യുക എന്നത് സ്വാഭാവികമാണ്. സർവ്വകലാശാലയുടെ പരമാധികാര സഭയായ സെനററിലേക്കും പത്രപ്രവർത്തകർ, സാഹിത്യകാരന്മാർ, അഭിഭാഷകർ തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെടുന്നവരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. എന്നാൽ സിൻഡിക്കേററിലേക്ക് നിലവിലുള്ള മാനദണ്ഡങ്ങളൊന്നും പരിഗണിക്കാതെ അഞ്ചുപേരെവീതം തിരുകി കയററിയ നടപടി അസ്വാഭാവികമാണ്. ശുദ്ധ അസംബന്ധമാണ്!

സർവ്വകലാശാലകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും സാമ്പത്തിക വൈഷമ്യം നേരിടുന്ന അവസരത്തിൽ അഞ്ച് സിൻഡിക്കേററംഗങ്ങളുടെ ചെലവുകൂടെ വഹിക്കണമെന്നത് ഭ്രാന്തൻ തീരുമാനമാണ്.

ആന്റണി സർക്കാരിന്റെ ഇത്തരം നെറികേടുകൾക്കും, ജനവിരുദ്ധ നയങ്ങൾക്കുമെതിരെ അതിശക്തമായ ജനകീയ പ്രക്ഷോഭം ഉയർന്നിരിക്കുകയാണ്. സമരങ്ങളുടെ കൊടുങ്കാററ് ക്ഷണിച്ചു വരുത്താതെ ഓർഡിനൻസ് പിൻവലിക്കുക. വിദ്യാഭ്യാസം ധനസമ്പാദന മാർഗ്ഗമല്ല, അത് പവിത്രമാണ് ! "മാ നിഷാദ!" ❖

# ഇനിയൊരു യുദ്ധംവേണ്ട.

അമേരിക്ക നയിക്കുന്ന യുദ്ധത്തിൻെറ ഭീതിയിലാണ് ലോകമിപ്പോൾ. അമേരിക്കയിലെ പെന്റഗണിലും ലോകവ്യാപാരകേന്ദ്രത്തിലും ഭീകരവാദികളുടെ ഭ്രാന്തമായ ആക്രമണം ഉണ്ടായ സെപ്തംബർ 11 നു ശേഷം ലോകം ഉറങ്ങിയിട്ടില്ലെന്നു തന്നെ പറയാം. നിരപരാധികളെ കൊന്നൊടുക്കിയ ഈ ആക്രമണങ്ങൾക്ക് ഒരു ന്യായീകരണവുമില്ല. അമേരിക്കൻ പ്രതാപത്തിന്റെയും ആയുധശേഷിയുടെയും ആസ്ഥാനങ്ങളിൽ നടന്ന ഈ ചാവേർ ആക്രമണം ചരിത്രഗതിയെ തന്നെ മാറ്റി മറിക്കാൻ പോന്നതാണ്. തീർച്ചയായും സെപ്തംബർ 11നു മുമ്പുള്ള ലോകക്രമമല്ല അതിനുശേഷം നമ്മൾ കാണുന്നത്.

ഭീകരവാദവും പ്രതിഭീകരവാദവും ഒന്നിനും പരിഹാരമല്ല. ലോകത്തെമ്പാടും വളർന്നു വരുന്ന മതമൗലികവാദത്തിന്റെ അപകടത്തെക്കുറിച്ച് ബോധവാന്മാരാകാനും ഈ സംഭവം നമുക്ക് പ്രേരണയാകുന്നു. ഇപ്പോൾ അമേരിക്ക കുറ്റപ്പെടുത്തുന്ന അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണകൂടത്തെ അവിടെ സ്ഥാപിച്ചതും ബിൻലാദനെ വളർത്തിയതും അമേരിക്കയാണെന്ന് എല്ലാവർക്കുമറിയാം. താലിബാൻഭരണത്തിനു കീഴിൽ അഫ്ഗാൻജനത അതിഭീകരമായ അടിച്ചമർത്തലിനു വിധേയരായി. അവിടെ പർദ്ദ ധരിക്കാതെ സ്ത്രീകൾക്ക് പുറത്തിറങ്ങാനാവില്ല. തൊപ്പിയും താടിയുമില്ലാതെ പുരുഷന്മാർക്കും തെരുവിലൂടെ നട

ക്കാൻ പറ്റില്ല. പെൺകുട്ടികൾക്കുള്ള സ്കൂളുകളെല്ലാം പൂട്ടി. ഇത്തരം കാടൻ നിയമങ്ങളെ എതിർക്കാൻ നാളിതുവരെ അമേരിക്ക മുന്നോട്ടു വന്നിട്ടില്ല. അമേരിക്കയുടെ അനുവാദത്തോടെയുള്ള മതമൗലിക ഭീകര പ്രവർത്തനങ്ങൾ അവർ എന്നും അനുവദിച്ചിരുന്നു. എന്നാൽ അവർ പാലൂട്ടിവളർത്തിയ അതേ ഭീകരവാദ സർപ്പം അവരെ തിരിഞ്ഞുകൊത്തുകയായിരുന്നു. കാലാകാലങ്ങളിൽ ഭീകരവാദവും, മതമൗലികവാദവും വംശീയവാദവുമെന്ന് മാറിമാറി ഉപയോഗിച്ചാണ് അമേരിക്ക തങ്ങൾക്കിഷ്ടമില്ലാത്ത ഭരണകൂടങ്ങളെ തകർത്തിട്ടുള്ളത്. അമേരിക്ക ഒരിക്കലും ആക്രമിക്കപ്പെടുകയില്ലെന്ന സ്വപ്നം തകർന്നപ്പോൾ യുദ്ധകാഹളം മുഴക്കി ബുഷ് ഭരണകൂടം രംഗത്തെത്തിയിരിക്കുന്നു.

ഭീകരവാദവും യുദ്ധവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. യുദ്ധം ഭീകരവാദമാണ് (War is Terrorism) എന്ന് ലോകം തിരിച്ചറിയുന്നു. ബിൻലാദനെയും താലിബാനെയും തകർക്കാനെന്ന പേരിൽ അഫ്ഗാനിലെ പാവപ്പെട്ടവരും പട്ടിണിക്കാരുമായ ജനങ്ങളുടെമേൽ ബോംബു വർഷിക്കുന്ന അമേരിക്ക അനുഭവങ്ങളിൽ നിന്നും പാഠം പഠിക്കാത്ത രാജ്യമാണെന്നു പറയേണ്ടിയിരിക്കുന്നു. ജപ്പാനിൽ ബോംബിട്ടതും, വിയറ്റ്നാമിൽ ഇടപെട്ടതും, ഇറാക്കിനെ ആക്രമിച്ചതും, പാലസ്തീൻകാർക്കെതിരെ ഇസ്രായേലിനെ ആക്രമണസജ്ജരാക്കുന്നതും തുടങ്ങി എണ്ണിയെണ്ണി പറയാവുന്ന ഭീകരപ്രവർത്തനങ്ങൾ അമേരിക്ക നടത്തിയിട്ടുണ്ട്. അവർ തുടർന്നു വരുന്ന രാഷ്ട്രീയ ഭീകരതയാണ് ലോകത്താകമാനം അവർക്കെതിരെ ചിന്തിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നത്. ജനങ്ങളെ കൊന്നൊടുക്കുന്ന യുദ്ധത്തിന് കൂട്ടുനിൽക്കാനാണ് ഇപ്പോൾ അമേരിക്കൻ പ്രസിഡന്റ് ബുഷ് ലോകരാഷ്ട്രങ്ങളെ ക്ഷണിയ്ക്കുന്നത്. "ഒന്നുകിൽ ഞങ്ങളുടെക്കൂടെ നിൽക്കുക. അല്ലെങ്കിൽ നിങ്ങൾ ഭീകരരുടെ കൂടെയെന്നു കരുതും" എന്നാണ് ബുഷ് പ്രഖ്യാപിക്കുന്നത്. "ഒന്നുകിൽ ഞങ്ങളുടെകൂടെ. അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ്കാരോടൊപ്പം" എന്നതായിരുന്നു മുമ്പ് അമേരിക്ക ആവിഷ്കരിച്ച സിദ്ധാന്തം.

''ഞങ്ങൾ ഭീകരവാദത്തോടൊപ്പമല്ല യുദ്ധഭ്രാന്തന്മാരുടെക്കൂടെയുമില്ല' എന്നു ആവുന്നത്ര ഉറക്കെ ലോകജനത വിളിച്ചുപറയേണ്ട സന്ദർഭമാണിത്. ഇനിയുണ്ടാകുന്ന യുദ്ധം സംസ്കാരങ്ങളുടെ യുദ്ധമാണ്' എന്നും മറ്റും പറഞ്ഞ് ലോകജനതയെ മതങ്ങളുടെപേരിൽ വിഭജിച്ചു നിർത്താനുള്ള ഹീനമായ ശ്രമം നടക്കുന്നുണ്ട്. ഭാവി സമൂഹത്തോടു ചെയ്യുന്ന ക്രൂരതയാകും അത്. ഭരണകൂടം യുദ്ധത്തിനെതിരെ ചിന്തിക്കുന്നില്ലെങ്കിൽ ജനങ്ങൾ ചിന്തിക്കുമെന്നതിന്റെ തെളിവാണ് അമേരിക്കയിൽത്തന്നെ ഉയർന്നുവന്നിരിക്കുന്ന യുദ്ധവിരുദ്ധ പ്രകടനങ്ങൾ. ''നീതിയാണാവശ്യം യുദ്ധമല്ല'' എന്ന മുദ്രാവാക്യം മുഴക്കി ആയിരക്കണക്കിനാളുകൾ പങ്കെടുത്ത പ്രകടനം അമേരിക്കയിൽ നടന്നു. ഭീകരവാദത്തിനെതിരെ യുദ്ധപ്രഖ്യാപിക്കുകയല്ല മറിച്ച് അതെന്തുകൊണ്ടുണ്ടാകുന്നുവെന്ന് അന്വേഷിക്കുകയും പരിഹാരം കണ്ടെത്തുകയുമാണ് വേണ്ടത്.

മുമ്പൊക്കെ ഇത്തരം സന്ദർഭങ്ങളിൽ ലോകം ഉറ്റു നോക്കുന്നത് ഇന്ത്യയിലേയ്ക്കായിരുന്നു. ചേരിചേരാ നയങ്ങളിലൂന്നി നിന്നുകൊണ്ട് ലോകസമാധാനത്തിനു വേണ്ടി വാദിക്കാൻ ഇന്ത്യയ്ക്കു കഴിഞ്ഞിരുന്നു. എന്നാൽ ഏറെ ഖേദകരമെന്നു പറയട്ടെ ഇന്ത്യ അതിന്റെ ചേരിചേരാനയം കളഞ്ഞുകുളിച്ച് അമേരിക്കയ്ക്ക് അടിമവേല ചെയ്യാനും യുദ്ധത്തിന് ജയജയപാടാനും ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു! കാഷ്മീർ ഇന്ത്യയുടെ അവിഭാജ്യഭാഗമാണെന്ന് പറയാൻ ഇതുവരെ തയ്യാറായിട്ടില്ലാത്ത അമേരിയ്ക്കയ്ക്കു വേണ്ടിയാണ് ഇന്ത്യയുടെ കങ്കാണിപ്പണിയെന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും. ഇന്ത്യയുടെ വിശാല താല്പര്യങ്ങൾക്ക് ഒട്ടും യോജിച്ചതല്ല സർക്കാർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ഈ നയം.

ലോകത്തിന്റെ ഏതു കോണിലായാലും ഭീകരവാദം ചെറുക്കപ്പെടണം. ഒപ്പം സർവനാശം വിതയ്ക്കുന്ന യുദ്ധത്തിനെതിരേ ലോകജനത ഒന്നടങ്കം ഉണർന്നെഴുന്നേല്ക്കുകയും വേണം. `ഇനിയൊരു യുദ്ധം വേണ്ടേവേണ്ട' എന്ന മുദ്രാവാക്യവുമായി ലോകസമാധാന പ്രസ്ഥാനം ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾക്കായി മുന്നിട്ടിറങ്ങണമെന്ന് എല്ലാ അധ്യാപകരോടും എകെപിസിടിഎ അഭ്യർത്ഥിക്കുന്നു. ❖

# എ.കെ.പി.സി.ടി.എ

## പ്രവർത്തകസമിതി തീരുമാനങ്ങൾ

(09.09.2001)

പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തമിഴ്മാനില കോൺഗ്രസ്സ് നേതാവ് ശ്രീ.ജി.കെ.മൂപ്പനാർ, മുൻ സ്പീക്കർ സ: എ.പി.കുര്യൻ എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. 22.8.2001 ന് മന്ത്രിയുമായി നടന്ന ചർച്ചയുടെ വിശദാംശങ്ങൾ ജനറൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.7.9.2001ന് കോഴിക്കോട് സർവ്വകലാശാലയിൽ അധ്യാപക സംഘടനാ പ്രതിനിധികളുമായി നടന്ന ചർച്ചയിൽ ഇക്കൊല്ലം തന്നെ പി.ജി.സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് തീരുമാനിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടു.

മഹാത്മാഗാന്ധി സർവ്വകലാശാലയിലും കേരള സർവ്വകലാശാലയിലും വിദൂര പഠന കേന്ദ്രങ്ങളുടെ കീഴിൽ നടത്തുന്ന കോഴ്സുകളെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. എം.ജി.സർവ്വകലാശാലയുടെ 'ഓഫ് കാമ്പസ് സെന്ററി' നെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ നിശ്ചയിച്ചു. സെപ്തംബർ 29 ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കു മുമ്പിൽ ധർണ നടത്താൻ തീരുമാനിച്ചു.

ഓരോ ജില്ലയിലും വനിതാ അധ്യാപകരുടെ യോഗം സെപ്തംബർ 22ന് മുമ്പായി വിളിച്ചു ചേർത്ത് വനിതാ സബ് കമ്മിററികൾ രൂപീകരിക്കേണ്ടതാണ്.

മെമ്പർഷിപ്പ് തുക അടയ്ക്കാനുള്ള തീയതി ഒക്ടോബർ 15 വരെ ദീർഘിപ്പിക്കാൻ തീരുമാനിച്ചു.

ഗസററ് ലക്ചറേഴ്സിന്റെ ശമ്പളം വർദ്ധിപ്പിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടേണ്ടതാണ്.

എല്ലാ അംഗങ്ങൾക്കും ജേർണൽ അയച്ച് കൊടുക്കുന്നതിനാൽ ബ്രാഞ്ച് സെക്രട്ടറിമാർക്ക് പ്രത്യേകമായി ജേർണൽ അയക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

ജേർണലിലേക്ക് ഓരോ ബ്രാഞ്ചും ഒരു പരസ്യമെങ്കിലും ശേഖരിച്ചു നൽകാൻ ശ്രദ്ധിക്കണം.

സ്ഥലം മാററം സംബന്ധിച്ച് മാനേജ്മെന്റുമായി ചർച്ച ചെയ്യണമെന്ന എം.ഇ.എസ്. കോളേജുകളിലെ എ.കെ.പി.സി.ടി.എ കൗൺസിലേഴ്സിന്റെ യോഗ തീരുമാനം അംഗീകരിച്ചു. എം. ഇ. എസ്.കോളജുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രൊഫ.ഹബീബ് റഹുമാനെ ചുമതലപ്പെടുത്തി.

കുടിശ്ശികയായിട്ടുള്ള ഡി.എ.അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെപ്തംബർ 27ന് 'ക്ഷാമബത്ത ദിനാചരണം' നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. FSETO യുമായി ബന്ധപ്പെട്ട് ദിനാചരണം വിജയിപ്പിക്കണം.

പത്തനംതിട്ട ജില്ലാ സെക്രട്ടറി പ്രൊഫ. അലക്സാണ്ടർ കെ.സാമുവേൽ ചികിത്സയ്ക്കായി ലീവ് ആവശ്യപ്പെട്ടതിനാൽ ജില്ലാ സെക്രട്ടറിയുടെ താത്കാലിക ചാർജ്ജ് പ്രൊഫ. പി.കെ.രാധാകൃഷ്ണപണിക്കർക്ക് നൽകാൻ നിശ്ചയിച്ചു.

സംസ്ഥാന കമ്മിററി ഓഫീസിൽ ഈ-മെയിൽ സൗകര്യം ഏർപ്പെടുത്തിക്കഴിഞ്ഞാൽ ഉടൻ തന്നെ സംഘടനയുടെ വെബ്സൈററ് സ്ഥാപിക്കണമെന്ന് തീരുമാനിച്ചു.

എം.ജി സർവ്വകലാശാല പരിധിക്കുള്ളിലെ അധ്യാപക സ്ഥലം മാററത്തിനുള്ള നിയമം നടപ്പിലാക്കാൻ കൂട്ടാക്കാത്ത മാനേജ്മെന്റ് നിലപാടിൽ പ്രവർത്തക സമിതി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. എൻ.എസ്.എസ്.കോളജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ അടിയന്തിരമായി കൂടണമെന്ന് നിശ്ചയിച്ചു.

മഞ്ചേരി കോളജിൽ കഴിഞ്ഞ വർഷം ഡപ്യൂട്ടി ഡയറക്ടറെ തടഞ്ഞതുമായി ബന്ധപ്പെട്ട കോടതി കേസിന്റെ ചെലവിന്റെ ഒരു വിഹിതം സംഘടന വഹിക്കണമെന്ന് തീരുമാനിച്ചു.

തിരുവനന്തപുരം മേയറും എ.കെ.പി.സി.ടി.എ യുടെ മുൻ പ്രവർത്തക സമിതി അംഗവുമായിരുന്ന പ്രൊഫ. ജെ.ചന്ദ്രയ്ക്കെതിരെ നടന്ന അക്രമത്തിൽ യോഗം ശക്തിയായി പ്രതിഷേധിച്ചു.

നാലാം യു.ജി.സി. ശമ്പള പരിഷ്കാരത്തിന്റെ കുടിശ്ശിക പി.എഫ്.ൽ ലയിപ്പിക്കാൻ ഉള്ളതിന്റെ കാലാവധി 1 കൊല്ലത്തേക്ക് കൂടി ദീർഘിപ്പിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ 'ദേശാഭിമാനി' പത്രത്തിന്റെ സർക്കുലേഷൻ വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. എല്ലാ വിധത്തിലും എ.കെ.പി.സി.ടി.എ. യെ സഹായിക്കുന്ന ഒരു പത്രമെന്ന നിലയിൽ പരമാവധി പുതിയ വരിക്കാരെ കണ്ടെത്താനുള്ള പ്രവർത്തനം നാം ഏറെടുക്കണം. എ.കെ.പി.സി.ടി.എ അംഗങ്ങളെല്ലാവരും ദേശാഭിമാനി പത്രത്തിന്റെ വരിക്കാരാകണമെന്ന് പ്രവർത്തക സമിതി അഭ്യർത്ഥിച്ചു. ❖

# ദിശാബോധം ഉറപ്പിച്ച പീച്ചി പ്രവർത്തക ക്യാമ്പ്

**എ**.കെ.പി.സി.ടി.എ സംസ്ഥാന പ്രവർത്തക ക്യാമ്പ് 2001 ആഗസ്റ്റ് 11,12 തീയതികളിൽ പീച്ചിയിൽ നടന്നു. സമകാലിക വിദ്യാഭ്യാസ പ്രശ്നങ്ങളും കേന്ദ്ര-കേരള സർക്കാരുകളുടെ വിദ്യാഭ്യാസ വർഗ്ഗീയവൽക്കരണ-കച്ചവട ശ്രമങ്ങളും സമഗ്രമായി ക്യാമ്പിൽ വിലയിരുത്തപ്പെട്ടു. പതിവിനു വിപരീതമായി വനിതാ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി സംഘടിപ്പിച്ച വനിതാ സമ്മേളനം ക്യാമ്പിന്റെ പ്രത്യേകതയായി മാറി. എ.കെ.പി.സി.ടി.എ യെ സംബന്ധിച്ചടത്തോളം പുതിയ ദിശാബോധവും വരുംകാലപ്രവർത്തനമേഖലയും തിരിച്ചറിയുന്നതിന് ക്യാമ്പ് സഹായകമായി.

തൃശൂർ-പാലക്കാട് ഹൈവേയിൽ നിന്ന് എട്ട് കിലോമീററർ അകലെ പീച്ചി ഡാമിന്റെ മടിത്തട്ടിൽ ഉള്ള ദർശനാ ഓഡിറേറാറിയമാണ് ക്യാമ്പിന് വേദിയായത്. പീച്ചിയുടെ വന സൗന്ദര്യം നുകർന്ന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിററ്യൂട്ടും (KFRI) കടന്ന് മൂന്നൂറിൽപ്പരം പ്രതിനിധികൾ എത്തിയപ്പോൾ രാവിലെ ക്യാമ്പിന് തുടക്കമായി.



പ്രൊഫ. തോമസ് ജോസഫ്

ജനറൽ സെക്രട്ടറി എ.പ്രതാപചന്ദ്രൻ നായർ പ്രതിനിധികളെ സ്വാഗതം ചെയ്തു. ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളും ആഗോളവത്ക്കരണത്തിന്റെ അപകടങ്ങളും സൂചിപ്പിച്ചുകൊണ്ടുള്ള സംസ്ഥാന പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫിന്റെ ഉപക്രമം ശ്രദ്ധേയമായി. തുടർന്ന് എല്ലാവരും കാത്തിരുന്ന പ്രൊഫ. എം. എൻ. വിജയന്റെ ഉദ്ഘാടന പ്രഭാഷണമായിരുന്നു.



പ്രൊഫ. എ.പ്രതാപചന്ദ്രൻ നായർ

## "സോഫ്ററ്വെയറും ഹാർഡ്വെയറും വന്നപ്പോൾ അധ്യാപകൻ വേണ്ടാതാകുന്നു"

**– എം.എൻ.വിജയൻ**

കേരളത്തിലെ അറിയപ്പെടുന്ന പ്രഭാഷകനും ചിന്തകനും ആയ എം.എൻ.വിജയന്റെ സർവ്വതല സ്പർശിയായ വാക്കുകൾ മൈക്കിന്റെ വിലക്കുകൾ മറികടന്ന് ഒരുണർത്തുപാട്ടുപോലെ പ്രതിനിധികളിലേക്ക് ഒഴുകിയെത്തി. അദ്ദേഹത്തിന്റെ വാക്കുകൾ കടമെടുത്താൽ വിദ്യാഭ്യാസത്തെയും സമൂഹികവ്യവസ്ഥയെയും വേറിട്ടു കാണാൻ കഴിയില്ല. Education is for social order എന്ന പരികല്പന മറന്നുകൊണ്ടി



പ്രൊഫ. എം. എൻ വിജയൻ ഉദ്ഘാടന പ്രഭാഷണം നടത്തുന്നു.

രിക്കുന്ന, ഇല്ലാതായിക്കൊണ്ടിരിക്കുന്ന വർഗ്ഗത്തിന്റെ പ്രതിനിധികളാണു നാം. ഗാന്ധിജിയ്ക്കും തെറ്റുപറ്റാമെന്ന് പറയാൻ 18-ാം വയസ്സിൽ ആർജ്ജവം കാണിച്ച സഹോദരൻ അയ്യപ്പന്റെ കാലഘട്ടത്തിൽ വിദ്യാഭ്യാസം ഒരു പ്രതിരോധ ആയുധമായിരുന്നു.

പണംകൊണ്ട് എന്തും നേടാമെന്ന നാടൻ പ്രയോഗം അന്വർത്ഥമാക്കുന്ന ആഗോളവത്ക്കരണവും അത് അടിച്ചേൽപ്പിക്കുന്ന ഗ്ലോബൽ വില്ലേജ്/മാർക്കറ്റ് സംസ്കാരവും വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജിയുടെ കടന്നുകയറ്റം ആഗോളവത്ക്കരണ ശക്തികൾക്ക് മറയായിത്തീരുന്നു. ഇൻഫർമേഷൻ ടെക്നോളജി പൂർണ്ണമായും ഒരു ഉല്പാദന ശക്തിയല്ല. മറിച്ച് It is a collecting, storing and distributing process. സോഫ്റ്റ്വെയറും, ഹാർഡ്വെയറും പൂർണ്ണമാകുമ്പോൾ അധ്യാപകൻ വേണ്ടാതാകും. കൺസ്യൂമറിസ്റ്റ് പ്രവണത വിദ്യാഭ്യാസരംഗത്തും കടന്നുവരും. അതായത് Education is not determined by the teacher but by the user എന്ന സ്ഥിതി സംജാതമാകുന്നു.

ഭാഷയും, ശാസ്ത്രവും ശാസ്ത്രത്തെ പ്രയോഗശാസ്ത്രവും സാങ്കേതിക വിദ്യയും (Applied Science and Technology) വിഴുങ്ങുന്നു. ചുമരില്ലാതെ ചിത്രം വരയ്ക്കാൻ ശ്രമിക്കുന്ന ഒരു കാലഘട്ടത്തിലേക്ക് നാം പരിവർത്തനം ചെയ്യപ്പെടുന്നു. വിദ്യാഭ്യാസം എങ്ങനെ ആയിരിക്കണമെന്ന് ഭരണാധികാരികൾക്ക് യാതൊരു ധാരണയും ഇല്ലാതാകുന്നു. കൈനോട്ടവും മന്ത്രവാദവും ജ്യോതിഷവുമെല്ലാം സർവ്വകലാശാലകളിൽ വർഗ്ഗീയ ഭൂതമായി കടന്നുവരുന്നു.

കേരളത്തിൽ ഇപ്പോൾ ഒരു വ്യവസായമേ ഉള്ളൂ അത് വിദ്യാഭ്യാസമാണ്. അതുകൊണ്ടാണ് മന്ത്രിസഭാരേഖ ചോരുന്നതും വിവാദമാകുന്നതും. ഈ സാഹചര്യങ്ങളിൽ അധ്യാപകന് ഉൾക്കാഴ്ച ആവശ്യമായിരിക്കുന്നു. അധ്യാപക സമൂഹം കടമ നിർവ്വഹണത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണം. തുടർന്ന് പ്രമുഖ ട്രേഡ് യൂണിയൻ നേതാവായ സഖാവ് കെ.ചന്ദ്രൻപിള്ള നയിച്ച ട്രേഡ് യൂണിയൻ ക്ലാസ്സ് നടന്നു.

## പുത്തൻ സാമ്പത്തികക്രമം സർവീസ് സംഘടനകളുടെ സാമൂഹിക സാമ്പത്തിക ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു

**- സഖാവ് കെ.ചന്ദ്രൻപിള്ള**

ലോക മുതലാളിത്തത്തിന്റെ ചരിത്രവും വളർച്ചയും വിലയിരുത്തിക്കൊണ്ടായിരുന്നു ശ്രീ.ചന്ദ്രൻ പിള്ള പ്രഭാഷണം ആരംഭിച്ചത്. വിയറ്റ്നാം യുദ്ധം മൂലം അമേരിക്കയ്ക്കുണ്ടായ പരാജയം എണ്ണ സ്രോതസ്സുകളുടെ കണ്ടുപിടിത്തം തുടങ്ങിയവയെല്ലാം മുപ്പത് വർഷത്തിന് മുമ്പ് ആഗോളവത്ക്കരണത്തിന് തുടക്കം കുറിക്കാൻ കാരണമായി. മൂല്യത്തെക്കാൾ കൂടുതൽ ഉല്പാദിപ്പിക്കാനുള്ള കഴിവിന് ശാസ്ത്രസാങ്കേതികവിദ്യയും ഐ.ടി. വിപ്ലവവുമൊക്കെ ആക്കംകൂട്ടി. ഉത്പാദനശക്തികൾ ഇതിനെ ചൂഷണത്തിനുള്ള ഉപാധിയാക്കുന്നു.

ഓഹരി കമ്പോളവും WTO യും ഒക്കെ ചൂഷണത്തിന്റെ പരോക്ഷ സ്വഭാവം അരക്കിട്ടുറ



സ: ചന്ദ്രൻ പിള്ള

പ്പിച്ചു. ദേശീയതയേയും സാംസ്കാരിക തനിമയേയും തൊഴിൽ സുരക്ഷിതത്വത്തേയും ഒക്കെ തകർക്കുന്ന ഒരു rootless growth ആണ് globalisation.

സ്ഥിര ജോലി എന്നത് സങ്കല്പമാകുന്നു. തൊഴിലാളികൾ പിരിച്ചുവിടപ്പെടുന്നു. എവിടേയും Contract labour മാത്രം. എല്ലാം സ്വകാര്യവൽക്കരിക്കപ്പെടുന്നു. Quality യുടെ പേരുപറഞ്ഞ് ഉന്നത വിദ്യാഭ്യാസമേഖലയിലും globalisation കടന്നുവരുന്നു. Birla-Ambani Report യാദൃശ്ചികമായി ഉണ്ടായതല്ല.

ലോകത്തെമ്പാടും ഇതിനെതിരെ പ്രതിഷേധം ഉയരുകയാണ്. ഇന്ത്യയിലെ തൊഴിലാളി വർഗവും ഉണർന്നതിന്റെ തെളിവാണ് രാഷ്ട്രീയ ഭേദമന്യേ ഒരുമിച്ച് പ്രവർത്തിക്കാനുള്ള തീരുമാനവും ദേശീയതലത്തിൽ നടന്ന പ്രക്ഷോഭങ്ങളും ഇക്കഴിഞ്ഞ അഖിലേന്ത്യാ പൊതു പണിമുടക്കും സമൂഹത്തിലെ ദാരിദ്ര്യ വത്ക്കരിക്കപ്പെടുന്ന ബഹഭൂരിപക്ഷത്തിനോടൊപ്പം നിന്നുകൊണ്ട് ആഗോളവത്ക്കരണം ചെറുത്തുതോൽപ്പിക്കാൻ സർവ്വീസ് സംഘടനകൾ കൂടുതൽ ശക്തമായി മുന്നോട്ടുവരണമെന്ന് ചന്ദ്രൻപിള്ള അഭ്യർത്ഥിച്ചു.

കാലിക്കററ് യുണിവേഴ്സിററി ഏരിയാ സെക്രട്ടറി പ്രൊഫ.ശിവരാമന്റെ നന്ദി പ്രകാശനത്തോടെ ആദ്യത്തെ സെഷന് വിരാമമായി.

## സംഘടനാ പ്രവർത്തനം ഇന്നലെയും നാളെയും

ഈ വിഷയത്തെ അധികരിച്ച് ഉച്ചക്കുശേഷം നടന്ന സെമിനാറിൽ സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ. വി. ജയലക്ഷ്മി അധ്യക്ഷയായിരുന്നു. ട്രഷറർ പ്രൊഫ.ശശിധരൻ സ്വാഗതവും ഗാന്ധിജി യൂണിവേഴ്സിററി ഏരിയാ സിക്രട്ടറി പ്രൊഫ.വി.സി. ആന്റണി നന്ദിയും രേഖപ്പെടുത്തി. എ.കെ.പി.സി.ടി.എ വേദികളിലെ നിരന്തര സാന്നിദ്ധ്യമായ, ചിന്ത പത്രാധിപർ സ.സി.പി.നാരായണൻ ആയിരുന്നു ഉദ്ഘാടകൻ.



പ്രൊഫ. വിജയലക്ഷ്മി

## ജനാധിപത്യ-മതേതര മൂല്യങ്ങൾ സംരക്ഷിക്കാൻ വിദ്യാഭ്യാസത്തെ ആയുധമാക്കുക

**- സ.സി.പി.നാരായണൻ**

വിദ്യാഭ്യാസരംഗത്ത്, എൽ.ഡി.എഫ് ഗവൺമെന്റിന്റെ 5 വർഷത്തെ നേട്ടങ്ങൾ അക്കമിട്ടു നിരത്തിയ സി.പിയുടെ വാഗ്ധോരണി എ.കെ.പി.സി.ടി.എ യുടെ ഉൽഭവവും ചരിത്രവും സമരപോരാട്ടങ്ങളും അനാവരണം ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ വിദ്യാഭ്യാസ വർഗ്ഗീയ വൽക്കരണ ശ്രമങ്ങളും, ന്യൂനപക്ഷപദവിയുടെ ദുരുപയോഗവും സ്വകാര്യവൽക്കരണ താൽപ്പര്യങ്ങളുമെല്ലാം അദ്ദേഹം പൊളിച്ചുകാട്ടി. ജനാധിപത്യ മതേതര മൂല്യങ്ങൾ സംരക്ഷിക്കുന്ന വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് എ.കെ.പി.സി.ടി.എ നടത്തിയിട്ടുള്ള സമരങ്ങൾ തുടരണമെന്ന് സി.പി. ആഹ്വാനം ചെയ്തു.



സ: സി.പി.നാരയണൻ

## നല്ല അദ്ധ്യാപകനാകുക, നല്ല സംഘടനാ പ്രവർത്തകനാകുക, നല്ല സമരക്കാരനാകുക

**- പ്രൊഫ.വി.എൻ.മുരളി**

എം.പി.പോളും, ജോസഫ് മുണ്ടശ്ശേരിയുമൊക്കെ കൊളുത്തിയ കൈത്തിരി എ.കെ.പി.സി.ടി.എ എന്ന പേരിൽ കേരളം മുഴുവൻ ഒരു തീപ്പൊരിയായി പടർന്ന കഥയാണ് പ്രൊഫ.വി.എൻ.മുരളി പറഞ്ഞത്.

1958-ലാണ് സംഘടന ഔപചാരിക രൂപം കൈക്കൊണ്ടതെങ്കിലും 1930 കളിൽ തന്നെ അധ്യാപകർ അനുഭവിച്ചുകൊണ്ടിരുന്ന പ്രയാസങ്ങൾ വിവരിക്കുന്ന പുസ്തകമായ എം.പി.പോൾസാറിന്റെ History of a cult ഉം മുണ്ടശ്ശേരിയുടെ 'കൊഴിഞ്ഞ ഇലകളു'മൊക്കെ ഉദ്ധരിച്ചു കൊണ്ടുള്ള പ്രഭാഷണം മരിക്കാൻ പ്രയാസമില്ല, മനുഷ്യത്വത്തോടു കൂടി ജീവിക്കാനാണ് പ്രയാസമെന്ന ഉദ്ധരണിയോടു കൂടി എ.കെ.പി.സി.ടി.എ യും പുരോഗമന പ്രസ്ഥാനങ്ങ



പ്രൊഫ. വി. എൻ. മുരളി

ളും ഉയർത്തിപ്പിടിക്കുന്ന മാനവികതയുടെ ഉന്നതതലങ്ങൾ കീഴടക്കുകയായിരുന്നു.

സേവന-വേതന വ്യവസ്ഥകൾക്കുവേണ്ടി, സർവ്വകലാശാലാ ജനാധിപത്യത്തിനും പ്രാതിനിധ്യത്തിനും വേണ്ടി, ഡയറക്ട് പേയ്മെന്റിനു വേണ്ടി, നിയമ സംരക്ഷണത്തിനുവേണ്ടി തൊഴിൽ സുരക്ഷിതത്വത്തിനുവേണ്ടി, സ്ഥലംമാററ നിയമങ്ങൾക്കുവേണ്ടി, യു.ജി.സി സ്കെയിലിനു വേണ്ടി സംഘടന നടത്തിയ പോരാട്ടങ്ങൾ അക്കമിട്ടു നിരത്തിയ പ്രഭാഷണം 'നല്ല അധ്യാപകനാകുക, നല്ല സംഘടനാ പ്രവർത്തകനാകുക, നല്ല സമരക്കാരനാകുക' എന്ന ഉപദേശത്തോടുകൂടിയാണ് അവസാനിച്ചത്.

## സിൻഡിക്കേററംഗങ്ങളുമായി മുഖാമുഖം

സർവ്വകലാശാലകളുമായി ബന്ധപ്പെട്ട സംശയങ്ങൾ സിൻഡിക്കേററംഗങ്ങളായ പ്രൊഫ. മോഹനകുമാർ (കേരള), പ്രൊഫ.ടി.കെ.തോമസ് (കാലിക്കററ്) പ്രൊഫ.പി.ഡി.ശശിധരൻ (എം.ജി.യൂണിവേഴ്സിററി) തുടങ്ങിയവർ മറുപടി നൽകി.

സംഘടനാ പ്രവർത്തനരേഖ ജനറൽ സെക്രട്ടറിയും, അക്കാഡമിക് പ്രവർത്തനരേഖ കൺവീനർ പ്രൊഫ.മാത്യുവും, സർവ്വീസ് രംഗത്തെ പ്രശ്നങ്ങളും പരിഹാരങ്ങളും സർവ്വീസ് സെൽ കൺവീനർ പ്രൊഫ.രാധാകൃഷ്ണ പണിക്കരും അവതരിപ്പിച്ചു.

രാത്രിയിൽ യൂണിവേഴ്സിററി അടിസ്ഥാനത്തിൽ നടന്ന ഗ്രൂപ്പുചർച്ചകൾക്ക് അതാത് ഏരിയാ സെക്രട്ടറിമാർ നേതൃത്വം നൽകി. ചർച്ചയുടെ വിശദാംശങ്ങൾ 12-ാം തീയതി രാവിലെ അതാത് യൂണിവേഴ്സിററി പ്രതിനിധികൾ റിപ്പോർട്ടു ചെയ്തു. തുടർന്ന് വനിതാ സമ്മേളനത്തിന് വേദിയൊരുങ്ങി.

## വനിതാ സമ്മേളനം

പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വനിതാ സമ്മേളനം പ്രൊഫ.മീനാക്ഷി തമ്പാൻ Ex.M.L.A ഉദ്ഘാടനം ചെയ്തു. ആഗോളവത്ക്കരണം സ്ത്രീകളെ എങ്ങനെ ബാധിക്കുന്നുവെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ശ്രീമതി മീനാക്ഷി തമ്പാൻ വിശദമാക്കി.

പ്രൊഫ.എം.പി.വിജയലക്ഷ്മി അവതരിപ്പിച്ച പ്രവർത്തനരേഖക്കുശേഷം സംഘടനയുടെ ചരിത്രത്തിലെ ഏററവും സജീവമായ വനിതാ ചർച്ചയാണ് നടന്നത്. പ്രൊഫ.ലളിതാബായി, ( എൻ.എസ്സ്.എസ്സ് വിമൻസ്, കരമന) ഡോ.ത്രേസ്യാമ്മ ജോസഫ് (മോർണിംഗ് സ്റ്റാർ കോളജ്, അങ്കമാലി) പ്രൊഫ.ജയശ്രീ (ശ്രീ.ശങ്കരാ കോളജ്, കാലടി) പ്രൊഫ.ശ്രീദേവി (ശ്രീകൃഷ്ണാ കോളജ്, ഗുരുവായൂർ) പ്രൊഫ. ഉഷാകുമാരി (കേരള വർമ്മ കോളജ്, തൃശൂർ) പ്രൊഫ.ഗംഗ (എൻ.എസ്സ്.എസ്സ് കോളജ്, മഞ്ചേരി), ഡോ. എസ്. ലീല (ആയുർവേദകോളജ്, ഒല്ലൂർ,) പ്രൊഫ.ഗിരിജ (ശ്രീവ്യാസാ കോളജ്, വടക്കാഞ്ചേരി) തുടങ്ങി എ.കെ.പി.സി.ടി.എ യുടെ ഉയർന്നുവരുന്ന വനിതാ നേതൃനിര ചർച്ചകളിൽ പങ്കെടുത്തു.

ജനറൽ സെക്രട്ടറിയുടെ മറുപടിക്കും ക്രെഡൻഷ്യൽ റിപ്പോർട്ട് അവതരണത്തിനുംശേഷം തൃശൂർ ജില്ലാ സെക്രട്ടറി പ്രൊഫ.വി.കെ.വിജയന്റെ നന്ദി പ്രകാശനത്തോടെ ക്യാമ്പിന് തിരശ്ശീല വീണു. ❖

*തയ്യാറാക്കിയത്:* **എസ്.ഷിബു**
*എസ്.എൻ.വർക്കല*

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

**2001- 2002 വർഷത്തെ എ.കെ.പി.സി.ടി.എ മെമ്പർഷിപ്പ് ഫീസ് (ഓരോ അംഗത്തിൽ നിന്നും 200 രൂപ വീതം) ഒക്ടോബർ 15നകം എസ്. ബി. ടി ഫറൂക്ക് ശാഖയിൽ മാറാവുന്ന വിധത്തിൽ ട്രഷററുടെ പേരിൽ ഡി. ഡി. എടുത്ത് അയയ്ക്കുക.**

ട്രഷററുടെ മേൽവിലാസം

**K. SASIDHARAN**
*Raji Sadan, Manoor P.O., Kozhikode - 673 328*

# Autonomous Colleges: IUCC Report Evades Real issues

**Thomas Joseph,**
*President, A.K.P.C.T.A*

The I.U.C.C Report on autonomous colleges has not thrown up any surprises in its final recommendations. The committee has, as expected, recommended the introduction of autonomous system in selected colleges on an experimental basis. But the report still makes interesting reading largely on account of the negative brilliance of the ridiculously laborious arguments set up to justify the recommendations. Coming as they do from an august body like the I.U.C.C committee, which fairly represents the academic-administrative leadership in the universities of the state, the arguments surprise us by their irrelevance and inconsistency. The insight the report gives into the mindset of those at the helm of the affairs in the universities does not auger well for the future of higher education in the state. The elitist and exclusionary concept of higher education that emerges through the report also casts serious doubts on the democratic credentials of those who have put their heads to compile it.

*THE REPORT:*
*ITS ORIGIN AND STATUS*

*The meeting of the INTER UNIVERSITY CONSULTATIVE COUNCIL held at Cochin on 19/11/1999 decided to constitute a committee consisting of Dr.K.K.N Kurup, Vice Chancellor, University of Calicut (Chairman) Dr. Cyriac Thomas, then Pro-Vice Chancellor, Kerala University and presently Vice Chancellor, Mahatma Gandhi University (Member Secretary and Convener) Dr Alexander Karackel, then Pro-Vice Chancellor, Kannur University (Member) & Dr N.Ramachandran, Controller of Examinations, Mahatma Gandhi University (Member) to study and to submit its report on the feasibility of granting autonomous status to Colleges in Kerala. The report was finalized and submitted for the consideration of I.U.C.C on 23/5/2000.The sixteen page report along with its appendix and annexures containing details about U.G.C regulations on autonomous colleges has been gathering dust in the files of the I.U.C.C since then. But a fresh interest seems to have been awakened in the report against the background of the proposals for setting up autonomous colleges mooted by the State Government in the White Paper on State Finances.*

## Exclusionary Mindset

To be fair,let us look at the facts as stated by the committee.Thecommittee claims to have met several times at different places—Trivandrum,Calicut and Trichur—and held detailed discussions on the scheme and working of autonomous colleges. The committee heard the views of the representatives of managements organizations of teachers, students and university employees and to the eminent educationalists, both inside and outside the state. (A.K.P.C.T.A submitted its proposals to the member secretary himself, at the COLLOQUIUM ON HIGHER EDUCAT -ION2001 held at Cochin on the 12th and 13th February 2000)

Though the committee held wide-ranging consultations, it does not discuss in its report the concerns expressed by various bodies and individuals on the autonomous system. This gives the impression that the committee had gone through the exercise of consultation only to comply with a formality which has become a part and parcel of the ritual of democratic governance in this country. The committee casually dismisses all genuine doubts and suggestions as mere pressure tactics by interested parties:

*The response to the concept of autonomous colleges has never been that much positive or enthusiastic in Kerala, given the political composition of the society and the ideological pretensions and prejudices carefully preserved by various shades in the state. The well-knit teachers' organizations, students' organiz -ations, employees' organizations etc; have also generally refused to take kindly to the proposal as some how there seems to be a strong feeling among these organized forces that the granting of autonomous status to colleges will ultimately affect the collective interest of these sectors in the field of higher education. (Report p.7)*

It is worthwhile to ponder a little over the assumptions behind the above quote. The political composition of the state is looked upon as something undesirable in itself, which, with its alleged *ideological pretensions and prejudices,* is said to be blocking the road to reforms in higher education. Political awareness, ideological considerations and collective interests on the part of teacher-student movements are all anathema to the committee. The conflicting views aired by various stake-holders in the system, the open debates that ensue and the Government's sensitivity to public opinion are all viewed as part of a repetitious, monotonous drama enacted to scuttle any change in the statusquo:

*In Kerala, education remains a delicate issue to be dealt with, as any attempt to reform or restructure it invariably invites stiff resistance from one section or the other in the sector on the plea that the scheme of reform will either harm one section's "interest" or other section's " rights". After an ongoing public debate in the media and on the platforms accompanied by some loud protests by various shades of interest ——managers, teachers, students and employees unions — and as a result of strong lobbying either in favour or against the proposed schemes by the concerned interest groups, finally the Government also will agree to give a go by to the proposals by engaging itself in the art of pleasing everyone and the scheme will be placed conveniently in the cold storage. But in this process that often gets repeated in Kerala, the tragedy is that enough and more harm is done to the very cause of*

*education through this shameless ongoing drama. (Report p.7-8)*

The history of educational reforms in the state belies such sweeping generalizations. The education bill of the Government of 57-59 with its emphasis on free education for children at the school level and equitable conditions of service for teachers was the outcome of a high degree of political awareness. The restructuring of pre-degree courses and semesterisation of P.G programmes are more recent examples of reforms carried out by consensus that emerged through wide ranging consultations on political and academic platforms. In spite of the limitations in the implementation of the programmes, none of the constituents in the educational set up —managers, teachers, students, employees and parents—seem to have played an obscurantist role. There was no indecision on the part of the government or the universities concerned. With an efficient, committed leadership at the helm of affairs, no reform gets thwarted in the process of democratic consensus-making exercises. Such debates and mutual give-and-take, in fact, only make the planning and implementation of reforms more meaningful and effective. A deep and abiding faith in the democratic process on the part of policy planners and decision makers is the sine qua non for this to happen. But unfortunately, such faith seems to be lacking in the committee. The committee could only look at the government, management, teachers, students and parents as vested interests that play a monotonously repetitious drama of *"hide and seek"* as part of an attempt to shirk their responsibilities:

*While the government and the teachers generally seem to prefer to find fault with the management for anything and everything that happens in the sphere of higher education, the management on their part lament on the government's malafide intentions in curbing the management's "inherent" and "sacred" rights in the field .The teachers conveniently forgetting their own failings, will put the blame of all ills on the wrong doings of the managements, government and students. The students after abstaining from classes for the best part of the academic year usually tend to take the system to task for the poor show in the examinations. They will consistently clamour for changes in the system, but at the same time will take enough caution and care to absolve them— and them alone—of all the sins in the existing order. The parents on their part, surprise everyone by remaining criminally indifferent in all matters concerning higher education; they are generally least bothered, it seems, about the happenings in the field of higher learning and even about the stakes they have in them. (Report p.8)*

**Accountability vs. Autonomy**

The IUCC committee regards the government, the management, the teachers, the students and the parents as an indifferent lot. And who, pray, are the KNIGHTS left out in the field to deliver higher education from the mire it has sunk into? The committee of course! Only modesty prevents the committee from naming itself. In tune with its self-imposed role as guardians of higher education, the committee ascends the pulpit and exhorts all the sinners—the government, the management, the teachers, the students, the employees, the parents — to kneel

down in repentance " *in all humility and forthrightness*" (Report p.8) and get ready for *"a major surgery to remove the malignant growths affecting the normal functioning of the system."* (Report p.8). The surgical operation that will redeem the sinners is AUTONOMY! The implied argument is that colleges should be given autonomy because the government ,the managements, the teachers, the students and the parents are all irresponsible. Strange logic indeed! Internalizing the metaphor of contemporary medical practice, the committee feels no compulsion to justify its prescription of autonomy. The doctors know what is best for the patients and that is that!

But doubts linger. This is because there is no rational nexus between the ills diagnosed and the remedy prescribed. The committee sums up the ills that has affected the system thus:

*Steep decline in academic standards, profiteering by college managements, dangerously low level in the quality of teaching, frightening dimensions of student indiscipline and campus violence, consequent closure of institutions, very vulnerable examination system, occasional leakage of question papers, mass copying by candidates, intimidation of invigilators, legal disputes over the appointments and promotions in the faculty, administrative and political interventions in the decision making etc. are some of the striking ills found in the current affiliating system. (Report p.2).*

Will all these disappear into thin air once autonomy is granted ? Autonomy implies freedom—freedom to improve as well as freedom to deteriorate. The committee does not explain how the system and the various interest groups within it will change for the better once the existing checks and balances within the framework of the affiliating system are removed. Greater freedom should go with greater accountability. This can be done only by strengthening the system from within. **AKPCTA had placed before the committee proposals in regard to the self-regulatory mechanism that should be built into the scheme of autonomous colleges to ensure greater accountability for the system than is provided under the UGC dispensation. The Association had argued that a strengthening of the democratic set up in the administration of autonomous colleges was required to make the concept of autonomy a reality in the campuses.** Such a proposal was put forward on the basis of well-documented studies on the failure of the system elsewhere in the country where the introduction of the system of autonomy had led to the imposition of authoritarianism with out any appreciable improvement in he quality of instruction (See "Autonomy and Accountability"; KERALA PRIVATE COLLEGE TEACHER; vol. 166 Aug2001).

## Flawed vision .

The IUCC committee has refused to be drawn into a discussion on the merits of the democratization of the administration of autonomous colleges. This appears to be deliberate, given the elitist and exclusionary vision of education presented through the report. The scheme of autonomy in this context appears to be a clever device to marginalize the majority from the field of higher education. This becomes all the more evident when it is

viewed against the committee's obsession with the scheme of limiting access to higher education. The committee regards quality and quantity as irreconcilable opposites and blames quantitative growth for the poor performance of our centers of higher learning:

*If quality is to be assessed on the basis of quantity, Kerala's higher education excels than in other states of the Indian Union. On an average we have 21 colleges for a district having a total of nearly 300 colleges in the state. This is certainly a luxury which Kerala alone enjoys...*(Report p.10).

The committee puts forward two proposals to contain the quantitative growth of higher education. The first is to de-link degrees from jobs, thus depriving one of the potent motives for enrolment. The second proposal is more pernicious. It is to increase the fees to make it unaffordable to the majority of the poor. While the committee wants adequate provision to be made to educate meritorious poor students, it has no objection to accommodating the not- so – meritorious among the rich who can afford to pay through their nose. Their capacity to pay could compensate their academic incapacity!

More objectionable is the concept that quantitative growth in higher education is a "*luxury*". The role of higher education in development has now been universally recognized. Progress in higher education is directly proportional to the economic development in the case of most countries. Human capital is more important than traditional capital in a knowledge society. All developed countries now invest heavily in human resource development. Universalisation of higher education has become the norm. India's achievement in this field till today with around 256 universities, 11000 colleges and 70lakh students might be great as against 18 universities 591 colleges and 2lakh students in1947. But despite this, only about 6% of India's population in the relevant age group of 17-23 is getting the benefit of higher education. Even in Kerala the figure is only around 8%. This compares poorly with 51% in developed countries and 21% in middle-income countries. **Concerted effort has still to be made to promote enrolment in higher education. The dichotomy between quality and quantity is totally irrelevant in the modern context. Equity and excellence should go together to achieve universalisation of competence in higher education.**

Even the concept of excellence as conceived in the I.U.C.C report leaves much to be desired. Excellence in higher education is almost equated with good manners and social graces. Commenting on the poor quality of university graduates and post graduates the report says:

*They don't know how to greet, how to speak or write, how to make a telephone call with dignity and charm; they don't know even how to write a letter properly and well. A vast majority of our educated youngsters are shockingly devoid of all personal niceties and polish.*(Report p.10)

If promotion of personal niceties and polish could produce excellence in higher education, a compulsory course in table manners and hospitality for all graduates would be enough to achieve the same! Not that good manners and social graces are irrelevant. But to measure the quality of higher education in terms of personal graces and etiquette acquired by the

learner appears to be too naïve to be taken seriously.

The elitist approach of the committee is also revealed in its dismissive attitude to socio-political and trade union movements. The committee laments the politicization of the campus. It regards it as the *"bounden duty of all concerned to make every effort at least to dilute the intensity of campus politics even if a total ban remains unattainable in the given circumstances in the state"*. (Report p.12) Having said this, the committee adds by way of after thought that *'a total ban on campus politics doesn't sound logical either'*. (Report p.12) The apparently contradictory positions taken by the committee in the same breath brings out the confusion in the minds of the members regarding the role of politics in the campus. They have failed to distinguish between qualitative political interventions by students, which could enrich both campus life and life of the nation and dirty power politics of the everyday variety with which even the members of the committee may have some chance acquaintance.

The committee turns its ire on the system of security of tenure and assured emoluments being enjoyed by teachers at present. The committee prefers the policy of *"hire and fire"*, if only it could articulate the same in academic terms:

*The system of one year probation (for teachers) is not enough and adequate to evaluate as it is too short a period to evaluate a person's quality and calibre. In the matter of quality and commitment of the members of the faculty in most of the colleges things remain alarmingly inadequate. The duration of service alone shouldn't be the criterion for confirmation or promotion of teachers to higher cadre or superior salary scale..* (Report p.11)

**Limiting access to higher education, making higher education elitist, depoliticizing the campus, discrediting teacher movements and collective bargaining— these constitute the hidden agenda behind the scheme of autonomous colleges as conceived in the I.U.C.C report. If the report is taken at its face value and implemented in its spirit both equity and excellence will find no place in the campus.**

## Real Malady

A redeeming feature of the report is that it also identifies an important aspect of the malady that confronts the system of higher education in Kerala today:

*If men at the top are fair and impartial, upright and bold, honest and truthful, clean and transparent, the situation will change for the better in our colleges and universities. Persons of such mould may be numerically less but not at all rare or impossible to be found if we have a mind for it. In most of our colleges and universities and other centres of higher learning, it is the erosion of authority that has done maximum harm to the proper functioning of our system.* (Report p.12)

One only hopes that the above remark is the outcome of a genuine self-introspection on the part of the members of the committee. Self-realization is certainly the first step towards self-improvement. In the present instance, such an exercise may produce some positive results in the governance of our universities.

# Whither Indian Education



SAHMAT

Dr. K.N.Panikkar

*Vice-Chancellor,*
*Sree Sankara Sanskrit University*

The education in India is at a crossroads. Its liberal and secular character and content, carefully nourished during the last fifty years, despite several vicissitudes, is now undergoing fundamental transformation. That this change rather hurriedly pushed through by the government and its agencies is not in consonance with the guiding principles our republic and would adversely affect the well being of our plural society is a widely shared concern. For, the change is being engineered by a government committed more by its ideological needs and the entrepreneurial interests of the ruling classes rather than the requirements of the society.

Admittedly, in class societies education is an ideological apparatus of the state and is designed and used for the perpetuation and furtherance of its interests. The ideological apparatuses by their very nature function with considerable finesse, obscuring and universalising partisan interests or imputing cultural or national explanatiions for their initiatives. All these strategies appear to be at work in foregrounding a new system of education that uncritically privileges the indigenous and celebrates the religious. It seeks to displace whatever secular and universal content and outlook the existing system, although with obvious limitations, has managed to incorporate and preserve.

### Character of education in Post-independence India

The system of education evolved during the post independence period is essentially liberal and secular in character. It draws upon the historical experience, both colonial and pre-colonial and the social, cultural and intellectual legacy inherited there from. Although and enclavised system, mainly serving the interests of the elite, it respected the social plurality and cultural diversity of the country. While attempting to construct the nation and

unify the people, differences were accommodated, even if the class and caste biases were apparent in policy formulation and implementation. That education is a concurrent and not a central subject reflects the respect for diversity.

The influence of colonial rule and western ideas, which filtered through it, over the modern system of education in India, is well known. The reconstruction of the system of education in post independent India was undertaken in the context of the legacy of colonialism, both in policy and infrasturcture. Yet, the system that came into being, as a result of the deliberations in several education commissions, chaired by eminent educationists like Dr.S.Radhakrishnan and Dr.D.S.Kothari, was neither a continuation of the colonial nor a blind adoption of the western. The main concern was the formulation of a reformed system that would address the developmental needs of the nation and create a healthy social consciousness. The national policy on education laid down this perspective as follows:

> *...a radical reconstruction of education......is essential for economic and cultural development of the country, for national integration and for realising the ideal of a socialistic pattern of society. This will involve a tranafromation of a system to relate more closely to the life of the people; a continuous efforts to expand educational opportunity; a sustained and intensive effort to raise the quality of education at all stages; an emphasis on the development of science and technology; and the cultivation of moral and social values. The educational system should produce young men and women of character and ability committed to national service and development. Only then will education be able to play its vital role in promoting national progress, creating a sense of common citizenship and culture and strengthening national integration. This is necessary if the country is to attain its rightful place in the comity of nations in conformity with its cultural heritage and its unique potentialities.*

The search for an alternate system had a long history, dating back to the early colonial times. The nostalgia about the indigenous, as evident form the writings of many including Gandhi who described the pre colonial system as a beautiful tree, is a natural response to conditions of subjection. Yet, there was no attempt to resurrect the pre-colonial or to adopt the traditional as the ideal. Instead the concern of all those involved with educational reform was to marry the traditional with the modern. A national system of education which the colonial intellectuals and nationalist leaders tried to evolve was based on a possible synthesis of all that is advanced in the West with all that was abiding in the traditional. In other words the national policy was not lodged in a dichotomy between the indigenous and the western. The impact of such a policy was the internalization of a universal outlook and the location of the indigenous in the wider matrix of human history. The educational policy adumbrated by independent India, even if it flaterd on many a count, was informed by an open ended view.

**Recent Departures**

The post colonial system in the

assessment of the present government has an entirely different character. In its view it continues to be colonial and western, producing and intellectually and culturaly alienated intelligentsia derisively called the children of Maculay. Given their education and training and access to power it is argued that they were able to exercise an overriding influence in almost all spheres of society- political, social and intellectual. The nature of political institutions and developmental strategies of independent India were attributed to their influence. The modern system of education, which they tried to perpetuate, is anathema to the sangh parivar as it is not sufficiently 'national' in content. The alternative proposed by the parivar and now being implemented by the government is an indigenous system which M.S.Golwalkar had earlier conceived as religious in character with emphasis on tradition, discipline and military training. Romanticisation of traditional knowledge, celebration of religious beliefs and emphasis on conformism are its chief charcteristics.

One of the major compulsions for changing the content of education is the realization of the communal objective of creating a Hindu national identity and national pride. An essay on value education published by the National Council for Educational Research and Training (NCERT) suggests as follows:

*A sense of belongingness must be developed in every individual learner by focusing on India's contribution to world civilization. It is high time that India's contribution in areas like mathematics, sciences, maritime, medicine, trade, architecture, sculpture, establishment of institutions of learning is emphasized and made known to the learners to develop a sense of belonging to the nation with respect and an attachment to the past.*

In respect of both school and university education the government agencies like the University Grants Commission (UGC) and the NCERT are currently engaged and revising the curriculum and bringing about a qualitative change in content. A discussion document produced by the NCERT for curriculum development spells out the main thrust of the contemplated change. The document dismisses the existing system as colonial and western and in its place proposes an indigenous curriculum, which would celebrate the ideas of native thinkers and privilege the innovative experiments and experiences emanated from is own context, The Document elaborates the point as follows:

*....it may also be pointed out the there is a need to bring to notice the contribution of india to the world wisdom. Paradoxical as it may sound, while our children know about Newton, they do know a computer they do not know the concept of zero. Mention may also have to be made for instance of yoga and yogic practices as well as Indian systems of medicine like Ayurvedic and Unani forms which are being recognized and practiced all over the world. The curriculum will have to correct such imbalances.*

The contrast between the western and the indigenous and privileging the latter is a powerful political slogan capable of arousing nationalist sentiments, but it hardly has any academic worth. Not because indigenous system of knowledge

need not be integrated into the curriculum- infact it is necessary to do so more than what exists today - but the contrast between the two systems as the NCERT document purports to do is likely to be counter productive. It would only create of false sense of pride, bordering on chauvinism, which is detrimental to the pursuit of knowledge. What is required is not information gathering which the NCERT is obsessed with but a creative intergration of knowledge from different sources.

The system of school education that would emerge out of the suggestions in this document is likely to have serious long term social implications. It would foster a generation incapable of ciritically interrogating the problems of society or rationally approach matters of social existence. Instead they will be more inclined to accept the received wisdom and in the process miss the significance of the revolution in knowledge currently taking place in the world. The most undesirable consequence, however, would be the creation of an intellecutal and cultural situation conducive for the onset of a conformist society.

## Value Education

Considerable importance is attached in the new scheme to value education, an issue that had attracted the attention of educational planners from the very beginning. The value education was generally perceived as a major input in the process of character building of students as well as a means for the inculcation of healthy social attitudes. In fact, there can hardly be any system of education without the inculcation of values. What should constitute the content of value eduction is however not easy to determine. The different commissions, had seriously deliberated upon this and had suggested how moral, spiritual and religous ideas could be incorporated in the curriculum. The Education Commission of 1964 took a clear view by under lining the importance of education about religion and not religious education and significantly about the need for the study of comparative religious. The Commission also emphasized a universal outlook as the source of value education so that the students become capable of comprehending the problems of modern world. in 1970 the NCERT following a national conference spelt out the content of value education. The values enunciated were primarily secular in character: honesty kindness, charity, tolerance, courtesy, compassion and sympathy. The present policy seems to draw upon this tradition, but in actual practice marginalizing the universal and comparative perspective.

In fact, the secular values the NCERT itself had earlier enunciated do not get adequate attention in recent policy statements. Therefore there is considerable apprehension that the much touted value education would be restricted in due course to religious instruction, and perhaps to Hindu religious instruction. The Director of NCERT, though negatively, has forgrounded the religious dimensions: 'The hesitation in delineating strategies for value inculcation from religions through its various sources needs to be given up'. In fact, the text books prescribed in several states ruled by the Bharatiya Janata Party (BJP) had long given up any such

hesitation and has prepared ample material not only to inculcate a religious but a communal view of the world.

The scheme of value education is inextricably linked with the communal cultural and political project. By its very nature it would promote religiosity and religious consciousness in society and help in redefining the nation in religious terms. The Hindu religion oriented courses sponsored by the government agencies and the religious interpretation of history serve the same purpose. More so because they create a wedge in social consciousness.

## Redefinition of the Nation

The restructuring of the education system undertaken by the present government and the agencies under its control is primarily oriented towards the redefinition of the nation in religious terms. Using the logic of majoritarianism the nation is being conceptualized as Hindu and a system of education to legitimize this notion is being put in place. In this attempt the interpretation of the past and the social consciousness emerging out of it are of crucial importance, which explains the promotion of a hinduised history by the Sangh Parivar. The soul of hindusiation, however, is not the distortion of facts, which at any rate are aplenty, but a religious interpretation of the past, which establishes the right of the nation to the Hindus. Reminiscent of the colonial view of the past, the communal history, which is now being propagated by government institutions like the Indian Council for Historical Research and increasingly finding place in school textbooks, depicts Indian history as a record of continuous strife between religious communities. In this interpretation all communities other than the Hindus are identified as foreigners and therefore the enemies of the nation. What is implied thereby is that Hindus alone have a right to the nation. The recent attempts to prove the indigenous origins of the Aryans and their vegetarianism are a part of establishing historical legitimacy for Hindu nationhood. This however is only the tip of the iceberg. A very concerted and well-planned attempt is being made to create an alternate historical consciousness. The channels of dissemination of this consciousness are not the textbooks or the research projects sponsored by the ICHR alone, but more so the vernacular pamphlets extensively distributed through religious and social networks. They do not make any distinction between myth and history; in fact they parade myth as history, which in a way makes their reception easier. The history of Ramjanmabhoomi circulated during the temple campaign is a good example.

The emphasis on the religious interpretationn of history is a reflection of a general shift from a secular perspective to a religious orientation in education. The recent initiatives taken by the Ministry of Human Resource Development, implemented through the NCERT and the UGC, seek to impart a Hindu religious character to the education system by incorporating in the curricula areas of interest traditionally associated with religious practices. The most glaring example of this tendency is the promotion of a course in Karmakanda that would produce certified priests for conducting rituals. Along with that attempts are a foot

to open new areas of study where, according to the NCERT, 'scientific evidence is not so far available to sustain some popular faith and which have been rejected outright because of impatient and motivated criticism'. In pursuit of this Jyotir Vigyan, Jyotish in popular parlance, is being introduced in Universities with generous financial assistance from the UGC. The best of Indian scientists have decried the wisdom behind this move, as the promotion of such an unscientific field of study will only contribute to obscurantism and superstition. This initiative of the government raises an important academic issue regarding the teaching of the traditional systems of knowledge. That India like many other countries have an accumulated wealth of knowledge needs no reiteration. In several fields like medicine, plastic surgery, rhenoplasty, astronomy, town planning, alchemy and so on Indians had attained a high level of excellence at different points of time. They deserve to be studied and is being studied as a part of the historical evolution of knowledge in the field. But privileging them over the others, particularly those without proper scientific foundation like Jyotish and Karmakanda, is unaccademic and undesirable and is likely to encourage inward looking and closed minds, particularly because thee government documents while emphasisizng the contribution of Indian civilization to other societies do not take notice of the impact of other civilisations on India. Studying the state of knowledge in the past is one thing; uncritically adopting it in the present curriculum is another. The knowledge in each field has advanced so much, a return to the past, however glorious it had been, is unrealistic and only would drag the society into intellectual backwardness.

**The Context**

The change in the character of education from the secular to the communal is taking place at a historical juncture when transnational capital is tightening its stranglehold over the Indian economy and society. The impact of this new phase of imperialism, euphemistically called globalisation, thereby masking its real nature and intent, is well pronounced. That the privatization of education, particularly the withdrawal of the state from higher education, occurring at a brisk pace in recent times is at the instance of the World Bank is now well known. Not only steps are a foot to set up private universities, but also several foreign universities are varying with each other to set up their 'extension counters' in India. Given that the best of Indian universities are starved of funds these institutions are likely to have a field day. As for Indian universities they function today without even the basic minimum facilities and with teachers who have no access to the latest advances in their disciplines. These institutions churn out students who complete their education as outcastes even in their own chosen area of knowledge. What these institutions offer is unacceptale to the fast growing affluent Indian middle class. The situation is likely to aggravate in coming days with the UGC reportedly being deprived of its funding functions and the introduction of an accreditation system which would stamp many an institution as academic slums without ever the possibility of a honourale redemption. Understandably education is

a fertile land for investment, particularly if it comes with a foreign tag.

The response of the ruling classes and the present government to this crisis is encoded in a report prepared y industrialists, Mukesh Ambani and Kumaramangalam Birla, entitled and submitted to the Prime Minister's council on trade and industry. The brief of this young team of industrialists is to formulate a policy framework for private investment in education, health and rural development, which they appear to have done with alacrity and enthusiasm. The proposals, which they claim would usher in a revolution in education, in fact, provide a blue print for the unconditional surrender to the interests of advanced capitalist countries and for the preservation of the existing privileges of the ruling classes. The revelution proposed is the creation of a 'competitive, yet co-operative, knowledge based society'. The prescription is as follows:

As the world moves on to forging an information society founded on education, India cannot remain behind as a non-competitive knowledge economy. India has to create an environment that does not produce industrial workers and labourers but fosters knowledge workers. Such people must be at the cutting edge of knowledge workers and, in turn, placing India in the vanguard in the information age.

This grand design is to be implemented through direct foreign investment and privatization. It advocates 'a full cost recovery in higher education and encouraging the emergence of a largely self-financing private sector'. The rest, be it the primary and secondary education or the liberal and performing arts or 'disciplines whose scholars do not command a market', may be left to the patronage of the state. The unstated implication of the scheme is that it would generate two streams: one for the poor and the other for the elite. The education of the former would be limited to literacy while the latter would be the receivers of knowledge. But then the nature of the information society of countries like India, as subordinate partners of advanced capitalist countries, would be nothing better than that of a service sector. Far from eing competitive and innovative they are likely to be destined to perform innumerable labour saving works for the benefit of transnational capital. The most glaring example is the medical transcription in which a large number of Indians, some of them with high technical qualifications, are currently engaged in performing the clerical work for American hospitals. Several other labour saving 'opportunities' are on the way. This is not to argue that the opportunities opened up by informtion technology are to be shunned, but to suggest its creative incorporation in the system of education. At the same time it is necessary to recognize the fact that the educational conditions created by information technology are pregnant with the possibilities of intellectual colonization. The breaking of the geographical barriers and commuication restrictions are indeed healthy attributes of knowledge dissemination, but it cannot be divorced from the economic and political contexts of knowledge production. The Ambani report, trapped in platitudes and rhetoric

appears to be insensitive to these larger issues inherent in the new information regime.

The over emphasis on information technology raises yet another issue vital to the well being of society. The report not only privileges technology education but also isolates and marginalizes other areas. This is likely to affect adversely the holistic character of education, so necessary for the creation of a healthy society. An important attributte of knowledge production is specailisation, but the absence of a liberal content in its devalues education into mere training. The early educational planners were quite conscious of this danger and therefore took care to integrate liberal and social science education with science and technology. The humanity and social science faculties of the Indian Institutes of Technology emerged out of this perspective. It is for the same reason that universities devoted to the pursuit of science and technology took care to nurture social science faculties. Interestingly a vice-chancellor who made major contribution to the planning and development of a university for science and technology in Kerala was a social scientist.

In recent times two tendencies counter to this liberal spirit have been gaining ground in the organizational of higher education. The first is the establishment of single subject oriented universities and second, the marginalisation, if not the elimination, of liberal subjects from the curriculum. The former leads to an extremely lopsided university system in which the possibilities of academic enrichment through interdisciplinary teaching and research become minimal. Such universities do not rise above the level of institutes. The latter is more unfortunate. With the onset of cyber age education and privatization social sciences and such other 'unproductive disciplines' appear to be on their way out. In some states like Andhra Pradesh and Tamilnadu liberal education is at a discount and the time and money allotted for social science subjects are being diverted for training in information technology. The NCERT, it is reported, is in the process of eliminating history from the school curriculum as a distinct subject of study. The Ambani report locates this shift in the context of globalisation and the imperatives of a market-led, knowledge-based economy. The report puts forward the logic as follows:

'It is important that skills, as a result of education, have economic value beyond their intrinsic merit. Equally it is important that there is diversity in order to avoid abundance in any one skill and consequent poor rewards. To illustrate, although computer skills are valuable, if too many computer specialists are produced, rewards for them will be weak'.

Lacking a philosophy of education the report is not able to see beyond this pragmatic problem and recoganize that the system it is advocating will not only widen the educational disparities in society but also would undermine the basic quality of education. If Ambani's scheme is implemented the fundamental purpose of education, namely, the refinement of mind is going to be the main casualty.

Yet another dimension of liberal education is its ability to sensitise the social

and political rights. This was understood and recognized even by the Education Commission set up by the British government under the chairmanship of W.W.Hunter in 1882. The Commission had then advocated the desirability of a shift in policy in favour of technical education, interestingly, at a time when there was hardly any industry in India. The rationale for the change was that the liberal education was making the Indian conscious of their political rights leading to their participation in public movement. The Commission foretold the oppositional role the educated intelligentsia would play even before the storm broke out. Similarly the educational thinking and planning of the ruling classes today is to undermine the liberal education in order to rule out any possible dissent and protest. This is an interest equally shared by the forces of fundamentalism and globalisation.

The Ambani Report reflects this interest in ample measure. Apparently it aims to create 'a new information society, resplendent with knowledge, research, creativity and innovation'. But in reality it is concerned with the creation of necessary conditions for the operation of the national and trans-national capital. The Indian social scene has been rather turbulent during the last two decades when protest movements from different social groups have become quite pronounced. The educational campuses have been particularly vulnerable. The report therefore suggests steps to ensure peaceful campuses without agitations and protests. Towards that end all educational institutions are to be made apolitical by preventing the 'advertent or inadvertent creeping in of various isms' and by banning through legislation 'any form of political activity on the campuses of universities and educational institutions'. The aim of such a move is to usher in a conformist society in which alone fundamentalism can thrive and transnational capital can operate successfully. Thus in the new educational initiatives of the government there is a convergence of interests of both communalism and globalisation.

Except in certain pockets like Kerala and West Bengal there is hardly any awareness, let alone initiatives, for organising resistance against the onslaught of these two forces in the field of education. Most of the struggles for democratic rights in educational institutions are not sensitive to the imminent threat to the liberal and secular education. Given the rather dismal democratic climate in our institutions, they are more concerned with collective bargaining for imporved conditions of work and better career opportunities. A search for an alternative has not yet begun in our society. A large section of the Indian intelligentsia is either lost in the ideological delusion of globalisation or scared by the aggressive posturing of communalism. The solution perhaps likes in the organization of a counter cultural movement - counter both to communalism and globalisation - since the cultural domain as a whole is under siege. The movement has to posit an alternative as well as counter the initiatives. Education is an area in which both these can be creatively attempted, drawing upon the earlier efforts to formulate a national and modern system of education. ❖

# "ആദ്യത്തെ അവകാശപത്രിക"

എം.പി.പോൾ ആയിരുന്നു പ്രൈവറ്റ് കോളജ് അധ്യാപകരുടെ സമരചരിത്രത്തിലെ ആദ്യത്തെ യോദ്ധാവ് . 1928 ൽ അഞ്ചുവർഷത്തേക്ക് തൃശൂർ സെന്റ് തോമസ് കോളജിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഇംഗ്ലീഷ് അധ്യാപകനായി പോൾ ഔദ്യോഗിക ജീവിതം ആരംഭിച്ചു. സ്വദേശി പ്രസ്ഥാനം കോളജിന് പുറത്ത് 1930 കളിൽ ലോകത്തെമ്പാടും അനുഭവപ്പെട്ട സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സെന്റ് തോമസ് കോളജ് മാനേജ്മെന്റ് ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറച്ചത് പോളിനെ ക്ഷോഭിപ്പിച്ചു. നിയമന ഉത്തരവിൽ തുടക്കത്തിൽ 100 രൂപ ശമ്പളമാണ് നിശ്ചയിച്ചിരുന്നത്. നൂറ് രൂപയിൽ കൂടുതൽ ശമ്പളം വാങ്ങുന്നവർക്ക് 10 ശതമാനവും അതിനു താഴെ ശമ്പളം വാങ്ങുന്നവർക്ക് 7.5 ശതമാനവും കുറവ് വരുത്തി. പ്രതികരിക്കാനാവാതെ ജീവനക്കാർ നിശബ്ദരായി തലകുനിച്ച് ഉത്തരവ് സ്വീകരിച്ചു. പോൾ ഈ തീരുമാനത്തെ ശക്തിയായി എതിർത്തു. പ്രതിഷേധം കത്തിലൂടെ പ്രിൻസിപ്പാളിനെ അറിയിച്ചു. മാനേജ്മെന്റിന്റെ പ്രതികരണമാകട്ടെ പ്രസ്തുത തീരുമാനം പോളിനും ബാധകമാണെന്നായിരുന്നു. അക്കാലത്ത് മാനേജ്മെന്റുകളുടെ ഉത്തരവുകൾ അനുസരിച്ച് അടിമകളെപ്പോലെ അധ്യാപകർ ജോലി ചെയ്തിരുന്നു. മാനേജുമെന്റിന് വീണ്ടും പോൾ കത്ത് എഴുതി. ഇവിടെ കോളജ് അധ്യാപക സമരമുഖത്തിലെ ഒരവിസ്മരണീയ തുടക്കം കാണാൻ കഴിയും. സ്വകാര്യ കോളജ് അധ്യാപകരുടെ അവകാശങ്ങളെപ്പററി മാനേജ്മെന്റിന് നിരന്തരം പോൾ കത്തുകൾ എഴുതി. അധികാരി വർഗത്തിന് സ്വകാര്യ കോളജ് അധ്യാപകർ സമർപ്പിക്കപ്പെട്ടിട്ടുള്ള ആയിരക്കണക്കിന് നിവേദനങ്ങളിൽ ആദ്യത്തെ അവകാശപത്രികയായി എം.പി.പോൾ മാനേജ്മെന്റിന് എഴുതിയ കത്തുകളെ കണക്കാക്കാം. 1932 ൽ പോളിനെ പിരിച്ചുവിടാൻ മാനേജ്മെന്റ് തീരുമാനിച്ചു. അതിനെതിരെ കേസ് കൊടുക്കുകയും ഒററയ്ക്ക് പോരാടുകയും ചെയ്തു. സെന്റ് തോമസ് കോളേജിന് മുൻപിൽ എം.പി.പോൾ ഒരു ട്യൂട്ടോറിയൽ കോളജ് തുടങ്ങുകയും അതിന്റെ പ്രിൻസിപ്പാളാവുകയും ചെയ്തുകൊണ്ടാണ് മാനേജ്മെന്റിനോടുള്ള പ്രതിഷേധം രേഖപ്പെടുത്തിയത്. പിന്നീട് ഈ സ്ഥാപനം കോട്ടയത്തേക്കു മാററുകയുണ്ടായി. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ അവിടെ വച്ചാണ് നടന്നിരുന്നത്. പിൽക്കാലത്ത് അദ്ദേഹം മാർ ഇവാനിയോസ് കോളജിൽ ഇംഗ്ലീഷ് അധ്യാപകനായി ജോലി ചെയ്തു. 1948 ൽ എം.പി.പോൾ മരിക്കുമ്പോൾ ഒരു പ്രയാസം മാത്രമെ ഉണ്ടായിരുന്നുള്ളൂ. "മരിക്കാൻ പ്രയാസമില്ല. മനുഷ്യത്വത്തോടെ ജീവിക്കാനാണ് പ്രയാസം." കോളജ് അധ്യാപകന്റെ നില സ്കൂൾ അധ്യാപകരുടെതിനെക്കാളും മോശമായിരുന്ന അവസ്ഥയിൽ നിന്ന് ഇന്നത്തെ നിലയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിൽ എം.പി.പോൾ നയിച്ച ഒററയാൻ സമരം സംഘടനാ സമരചരിത്രത്തിലെ ഏററവും തിളക്കമുള്ള അധ്യായമായിരുന്നു.

**സതീശ് ചന്ദ്രൻ**
*എസ്. എൻ. കോളേജ്, വർക്കല*



## സമരപഥങ്ങൾ

# ജനാധിപത്യധ്വംസനത്തിനെതിരെ സെക്രട്ടറിയററ് മാർച്ച്



സി. പി. ഐ ( എം) സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു.

സിൻഡിക്കേററുകളിൽ ആളുകളെ കുത്തിത്തിരുകി സർവകലാശാലകളുടെ ജനാധിപത്യം തകർക്കുന്ന സംസ്ഥാന സർക്കാരിന്റെ ഓർഡിനൻസിനെതിരെ കേരളത്തിലെ കോളജുകളിലെയും സർവകലാശാലകളിലെയും അധ്യാപകരുടെ സംയുക്ത സമരസമിതിയുടെ ആഭിമുഖ്യത്തിൽ 2001 സെപ്തംബർ 22 ശനിയാഴ്ച സെക്രട്ടറിയററ് മാർച്ച് നടത്തി.

സിപിഐ(എം) സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ മാർച്ച് ഉദ്ഘാടനം ചെയ്തു. എകെപിസിടിഎ പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫ്, ജനറൽ സെക്രട്ടറി പ്രൊഫ.എ.പ്രതാപചന്ദ്രൻ നായർ, എകെജിസിടി പ്രസിഡന്റ് പ്രൊഫ.കെ.കെ.വിശ്വനാഥൻ, ജനറൽ സെക്രട്ടറി പ്രൊഫ.ജെ.പ്രസാദ്, എഫ്‌യുടിഎ ജനറൽ സെക്രട്ടറി ഡോ.എ.ആർ.രാജൻ, പ്രൊഫ.വി.എൻ.ചന്ദ്രമോഹൻ (ഐഫക്ടോ), ഡോ.വി.ശിശുപാലപ്പണിക്കർ, ഡോ.മുരളീധരൻ പിള്ള, ഡോ.എ.ഫസ്‌ലിക്കർ, ഡോ.എസ്.രാജശേഖരൻ, പ്രൊഫ.ആർ.മോഹൻകുമാർ, ഡോ.കെ.ശശികുമാർ തുടങ്ങിയവർ നേതൃത്വം നൽകി. ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി എന്നീ വിഷയങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാനാണ് അഞ്ചുപേരെ വീതം സർവ്വകലാശാല സിൻഡിക്കേററുകളിലേക്ക് നോമിനേററ് ചെയ്യുന്നതെന്ന വാദം പരിഹാസ്യമാണ്. സർവ്വകലാശാലകളിലെ പഠനകാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നത് അക്കാദമിക് കൗൺസിൽ, ഫാക്കൽററി, ബോർഡ് ഓഫ് സ്റ്റഡീസ് എന്നീ സമിതികളാണ്. അവ വിഷയാധിഷ്ഠിതമല്ല. വിഷയാടിസ്ഥാനത്തിലാണെങ്കിൽ നൂറുകണക്കിനാളുകളെ സിൻഡിക്കേററിൽ ഉൾപ്പെടുത്തേണ്ടിവരും.

സർവകലാശാലകളുടെ സ്വയംഭരണാവകാശത്തെ കവർന്നെടുക്കുന്ന പ്രാകൃതമായ പ്രവൃത്തിയാണിത്. ഇന്ത്യയിലെ ഒരു സർവകലാശാലയ്ക്കും ഇത്തരം സിൻഡിക്കേററുകൾ ഉണ്ടായിട്ടില്ല. സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിങ് കോളജുകളുടെ കച്ചവടം ഉറപ്പാക്കുന്നതിന് സർവകലാശാലാഭരണം കൈപ്പിടിയിലൊതുക്കാനാണ് ഓർഡിനൻസ്. ഇത് മററ് സ്വയംഭരണസ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. ഇതിനെതിരെ അധ്യാപകരും വിദ്യാർത്ഥികളും ബഹുജനങ്ങളും യോജിച്ച പോരാട്ടം സംഘടിപ്പിക്കണമെന്ന് നേതാക്കൾ പറഞ്ഞു. കോരിച്ചൊരിയുന്ന മഴയെ അവഗണിച്ച് സ്ത്രീകളടക്കം നിരവധി അധ്യാപകർ ധർണയിൽ പങ്കെടുത്തു. ❖

# ഓഫ് കാമ്പസ് സെന്ററുകൾക്കെതിരെ ധർണ




സി. പി. ഐ ( എം) സംസ്ഥാന കമ്മററി അംഗം സ: ജി. സുധാകരൻ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു.

ഓഫ് കാംപസ് സെന്ററുകൾ തുടങ്ങാനുള്ള എം.ജി. സർവകലാശാലാ അധികൃതരുടെ തീരുമാനത്തിൽ പ്രതിഷേധിച്ച് എകെപിസിടിഎ നേതൃത്വത്തിൽ 2001 സെപ്തംബർ 29 ശനിയാഴ്ച സർവകലാശാലാ ആസ്ഥാനമന്ദിരത്തിനുമുമ്പിൽ ധർണ നടത്തി. സിപിഐഎം സംസ്ഥാന കമ്മിറ്റി അംഗവും കേരളസർവകലാശാലാ മുൻ സിൻഡിക്കേറ്റംഗവുമായ ജി.സുധാകരൻ ധർണ ഉദ്ഘാടനം ചെയ്തു.

സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ഓഫ് കാംപസ് സെന്ററുകൾ തുടങ്ങുന്നു എന്നാണ് സർവകലാശാലയുടെ ന്യായീകരണമെന്ന് സുധാകരൻ പറഞ്ഞു. ഉന്നത വിദ്യാഭ്യാസത്തിന്റെ പുരോഗതിയല്ല അവരുടെ പ്രധാന ലക്ഷ്യമെന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. പണം ഉണ്ടാക്കാൻ മാത്രമാണെങ്കിൽ ബ്ളൈഡ് കമ്പനി തുടങ്ങിയാൽ മതി.

അടിയന്തര ലാഭത്തിനുവേണ്ടി ദീർഘവീക്ഷണമില്ലാതെയും വേണ്ടത്ര ചർച്ച ചെയ്യപ്പെടാതെയുമാണ് ഓഫ് കാംപസ് സെന്ററുകൾ തുറക്കാൻ സർവകലാശാല തീരുമാനിച്ചിട്ടുള്ളത്. എം.ജി.സർവകലാശാലയിൽ സിൻഡിക്കേറ്റ് നിലവിലില്ലാത്തതിനാൽ വിസിയും പിവിസിയും ഏകാധിപത്യതീരുമാനം എടുക്കുകയാണെന്ന് വേണം കരുതാനെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

യൂണിവേഴ്സിറ്റി സമിതികളിൽ ഓഫ് കാംപസ് പ്രശ്നം ചർച്ച ചെയ്യണമെന്ന് എകെപിസിടിഎ പ്രസിഡന്റ് പ്രഫ. തോമസ് ജോസഫ് ആവശ്യപ്പെട്ടു. കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും യൂണിവേഴ്സിറ്റി മേഖലയ്ക്ക് അപ്പുറത്തേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എകെപിസിടിഎ ജനറൽ സെക്രട്ടറി പ്രഫ.എ.പ്രതാപചന്ദ്രൻ, ട്രെഷറർ പ്രഫ.കെ.ശശിധരൻ, എസ്എഫ്ഐ ജില്ലാ സെക്രട്ടറി കെ.രൂപേഷ്കുമാർ എന്നിവർ സംസാരിച്ചു. പ്രഫ.വിസി ആന്റണി സ്വാഗതവും പ്രഫ.കെ രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു. ✣

### എം.ജി. സെനറ്റ് :
### വി.സി.ജനാധിപത്യ മര്യാദകൾ ലംഘിക്കുന്നു

2001 ഒക്ടോബർ 7. ഓഫ് ക്യാമ്പസ് സെന്ററുകൾക്കെതിരെയുള്ള അടിയന്തര പ്രമേയം സാങ്കേതിക കാരണം പറഞ്ഞ് വോട്ടിനിടുന്നതിൽ നിന്നും തടഞ്ഞ മഹാത്മഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ നടപടിയിൽ എ.കെ.പി.സി.ടി.എ പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫ് ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ എന്നിവർ ശക്തിയായി പ്രതിഷേധിച്ചു.

## The UGC sends circulars controlling universities' courses operated through private establishments and agencies.

A number of universities have initiated schemes providing opportunities for the award of university degrees by different types of programmes operated through certain private institutions inside and outside the country. These include distance education programmes, franchise and off- (shore) campus centres. These private establishments being declared as the University Study Centres, are made responsible for student enrolment, teaching and conduct of examinations. The faculty and infrastructure belong to these private agencies. The concered university besides providing syllabus and teaching materials, has no provision to maintain the academic standards of teaching being imparted at these centres. This compromise in standard of education has led to widespread criticism.

The universities can conduct courses through its own departments, its colleges constituent through its affiliated institutions. There is, however, no and or provision for leaving it to private institutions for conducting courses leading to award of its degrees. As per the recent UGC guidelines, the universities are permitted to inpart education and award degrees through their own campuses located else where in the country or even at their own off-shore campuses with the approval of the UGC.

considering these aspects, the UGC has decided that any university, which proposes to enter into collaboration with any private institution would be required to take prior approval of the UGC. The commission has also decided that no university should be permitted to go for off-campuses private educational agencies leading to the aware of its degrees. Accordingly all the universities are directed to stop imparting their degree education through private agencies/establishments with immediate effect. However, to safeguard the interests of the students, it has been decided to approvel award of degrees under currently practised programmes only for those who have allready been so far enrolled. No new enrolment of students, henceforth, shall be permitted.

All universites are requested to comply with the aforesaid decision of the UGC.

*(U.G.C D.O. No. F-1-52/99 (CPP II) dt 9/8/001)*

## പ്രതിഷേധദിനമാചരിച്ചു

ചെമ്പഴന്തി എസ്. എൻ. കോളേജിലെ എ.കെ.പി.സി.ടി.എ യൂണിററിന്റെ നേതൃത്വത്തിൽ പ്രതിഷേധദിനം ആചരിച്ചു. കോളേജ് പ്രിൻസിപ്പൽ എം. ആർ. സഹൃദയൻ തമ്പി നടത്തിവരുന്ന അധ്യാപകവിരുദ്ധ പ്രവർത്തനങ്ങളും അധികാര ദുർവിനിയോഗവും അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടാണ് പ്രതിഷേധദിനാചരണം നടന്നത്. കോളേജിൽ സമാധാനപരമായ പഠനാന്തരീക്ഷം സൃഷ്ടിക്കണമെന്നും പ്രിൻസിപ്പലിനെതിരെയുള്ള അഴിമതി ആരോപണങ്ങൾ അന്വേഷിക്കണമെന്നും എ.കെ.പി.സി.ടി.എ ആവശ്യപ്പെട്ടു.

# സെനറ്റ് - സിൻഡിക്കേറ്റുകളുടെ സെക്രട്ടറിയേറ്റ് ധർണ്ണ

കേരളത്തിലെ സർവ്വകലാശാലകളുടെ ജനാധിപത്യ ഘടന തകർത്തുകൊണ്ട് സിൻഡിക്കേറ്റുകളിൽ അനധികൃതമായി സർക്കാർ നോമിനികളെ നിയമിച്ച നടപടി എത്രയുംവേഗം പിൻവലിക്കാൻ പ്രതിപക്ഷനേതാവ് വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചു. സിൻഡിക്കേറ്റുകളുടെ ജനാധിപത്യസ്വഭാവത്തെ തകർക്കുന്ന സർക്കാർ നയത്തിനെതിരെ സെനറ്റ് സിൻഡിക്കേറ്റ് അംഗങ്ങളുടെ സെക്രറിയേറ്റ് ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 50 വർഷമായി കേരളം കൈവരിച്ച വിദ്യഭ്യാസരംഗത്തെ നേട്ടങ്ങളെല്ലാം തകർക്കുന്ന നടപടിയാണ് ശ്രീമാൻ ആന്റണി സ്വീകരിക്കുന്നത്. ചോദിക്കുന്നവർക്കൊക്കെ സ്വാശ്രയ കോളജുകൾ അനുവദിച്ചുകൊണ്ട് വിദ്യാഭ്യാസമേഖലയാകെ സമ്പന്നർക്കും തങ്ങളെ പിന്താങ്ങുന്ന വർഗ്ഗീയ ശക്തികൾക്കുമായി തീറെഴുതി കൊടുക്കുകയാണ്. അതിന് വിഘാതമായി നിൽക്കുന്ന ഓരോ യൂണിവേഴ്സിററിക്കും ഓരോ തരത്തിലുള്ള തളാപ്പ് വെച്ചുകൊണ്ട് കേരള സർക്കാർ മുന്നേറുകയാണ്. സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം കൂടാതിരിക്കാൻ സർക്കാർ കരുനീക്കം നടത്തുന്നു. കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലും എക്സിക്യൂട്ടീവും കൂടുന്നില്ല. അതിന്റെ ഘടനതന്നെ മാററാൻ സർക്കാർ ആലോചിക്കുന്നു. ഇതിനെതിരെ രാജ്യസ്നേഹികളായ എല്ലാ ജനാധിപത്യ വിശ്വാസികളും ഒന്നിച്ചണിനിരക്കണമെന്ന് വി. എസ്. പറഞ്ഞു. എ. കെ. പി. സി.ടി. എ, എ. കെ. ജി. സി. ടി, യൂണി: ടീച്ചേഴ്സ് ഫെഡറേഷൻ സർവ്വകലാശാല ജീവനക്കാരുടെ കോൺഫഡറേഷൻ എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു ധർണ്ണ നടന്നത്. പ്രൊഫ. നൈനാൻകോശി സമാപന പ്രസംഗം നടത്തി.

കേരള എൻ. ജി. ഒ യൂണിയൻ, കെ. എസ്. ടി. എ, കെ. ജി. ഒ. എ, ബെഫി, ഖാദിബോർഡ് എംപ്ളോ. യൂണിയൻ, പി. എസ്. സി. എംപ്ളോ. അസോസിയേഷൻ, കേരള സെക്രട്ടറിയേറ്റ് എംപ്ളോയീസ് അസോസിയേഷൻ, ലജിസ്ളേററീവ് സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷൻ, കേരള വാട്ടർ അതോറിററി എംപ്ളോയീസ് യൂണിയൻ തുടങ്ങിയ സംഘടനകൾ ധർണ്ണക്ക് അഭിവാദ്യം അർപ്പിച്ച് പ്രകടനം നടത്തി. ❖



*പ്രതിപക്ഷ നേതാവ് സ: വി. എസ്. അച്യുതാനന്ദൻ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു.*

# കറന്റ് ബുക്സ്, തൃശൂർ

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001

Ph: 0487-335660

**PUBLISHERS & DISTRIBUTORS FOR**

**MALAYALAM, ENGLISH, CHILDREN'S LITERATURE, FICTION, DRAMA, CINEMA, JOURNALISM, POETRY, PHILOSOPHY, PSYCHOLOGY, SOCIOLOGY, POLITICS, HISTORY, ECONOMICS, COMMERCE, MATHEMATICS, BOTANY, ZOOLOGY, CHEMISTRY, PHYSICS, MEDICAL, COMPUTER, ENGINEERING, LAW, ELECTRONICS, MECHANICAL, CIVIL, CHEMICAL ENGINEERING, VETERINARY, AGRICULTURE, AQUACULTURE, ETC. ETC**

# കോസ്മോബുക്സ്

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001 Ph: 0487-335292

ബ്രാഞ്ചുകൾ

## കോഴിക്കോട്

**Rly.** സ്റ്റേഷൻ ലിങ്ക് റോഡ്
**Ph**: 0495-703487

## എറണാകുളം

പ്രസ്സ് ക്ലബ്ബ് റോഡ്
**Ph**: 0484-353818

**POEM**

# The Gymnast's Best Fall

**B.R.Geetha**

N.S.S.College, Manjeri

Your sophisticated alienation ignites an obsession
That I sympathize with the ignorant others you fool
The message in mute code explodes and you run
But thorugh the labyrinths of my waiting, and I smile.
You weave patterns of conversation, flutter and fluctuate
Others admire, I carve burning words on marble body
You leave stabbing with a smile, my epic frozen in blood
Alien to the party I exit to trace you in faces, spots, events
In the corridors of affection shadows fail to nail me to you.
After aeons of colder climates still set ablaze with puzzles
Made to others I stick to your marrow, grow in you steadily
Hoping the cancerous affection tortures you back to me
Then claps will acknowledge gymnast's best fall to the net
And then in the clasp you freeze immobile for further tricks.

## ജില്ലാവാർത്തകൾ

### തിരുവനന്തപുരം

## ഐ.ടി.യെക്കുറിച്ച് സെമിനാർ



നിലമേൽ എൻ.എസ്.എസ്. കോളജ് എ.കെ.പി.സി.ടി.എ അക്കാദമിക് സമിതിയുടെ ആഭിമുഖ്യത്തിൽ 'ഐ.ടി രംഗത്തെ നൂതന പ്രവണതകൾ' എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചു. ശ്രീ.എസ്.ആർ.നായർ (ഡയറക്ടർ ആൾകേരള മാനേജ്മെന്റ് അസോസിയേഷൻ) മുഖ്യപ്രഭാഷണം നടത്തി. സമിതി ചെയർമാൻ ഡോ.ഡി.രാധാരമണൻ പിള്ള അധ്യക്ഷത വഹിച്ച യോഗം പ്രൊഫ.ജി.തുളസീധരൻ പിള്ള (പ്രിൻസിപ്പാൾ) ഉദ്ഘാടനം ചെയ്തു. പ്രൊഫ.ബി.ശിവദാസൻ പിള്ള (ബ്രാഞ്ച് പ്രസിഡന്റ്) ആശംസകൾ അർപ്പിച്ചു. ഡോ. എസ്.ഭാസിരാജ് (ബ്രാഞ്ച് സെക്രട്ടറി) സ്വാഗതവും പ്രൊ.ജി.പി.സുരേഷ് ബാബു (ജോയിന്റ് സെക്രട്ടറി) നന്ദിയും പറഞ്ഞു.

## കള്ളക്കേസിൽ കുടുക്കി അറസ്റ്റു ചെയ്തിൽ പ്രതിഷേധിച്ചു.

രാഷ്ട്രീയ വിരോധം തീർക്കാൻ വേണ്ടി നടക്കാത്ത സംഭവം കെട്ടിച്ചമച്ച് കള്ളക്കേസിൽ കുടുക്കി എ.കെ.പി.സി.ടി.എ മാർ ഇവാനിയോസ് കോളജ് ബ്രാഞ്ച് ജോയിന്റ് സെക്രട്ടറിയെ അറസ്റ്റു ചെയ്യിപ്പിച്ചതിൽ ബ്രാഞ്ച് യോഗം ശക്തമായി പ്രതിഷേധിച്ചു. കോളജ് കൗൺസിൽ അംഗവും കോളജ് യൂണിയൻ സ്റ്റാഫ് അഡ്വൈസറുമായ അദ്ധ്യാപകനെ പൂർവ്വവൈരാഗ്യം പോക്കുന്നതിനുവേണ്ടി സർക്കാർ വിലാസം സംഘടനയായ കെ.പി.സി.ടി.എ.യുടെ പിൻബലത്തോടെ ടി.വി.ജോർജ് എന്ന വകുപ്പ് തലവനെക്കൊണ്ട് നിർബ്ബന്ധിച്ച് പരാതി കൊടുപ്പിക്കുകയാണുണ്ടായത്. ആരോപണം തികച്ചും അവാസ്തവമാണെന്നുള്ളതിന് വിദ്യാർത്ഥികളും സഹ അധ്യാപകരും സാക്ഷികളാണ്. അടിത്തറ ഇല്ലാത്ത ഇത്തരം കടലാസ് സംഘടനകൾ അംഗങ്ങളെ സംഘടനയിൽ പിടിച്ചുനിറുത്താൻ ഏതു ഹീന പ്രവർത്തിയും ചെയ്യാൻ മടിക്കില്ലായെന്നതിന് ഉത്തമോദാഹരണമാണ് ഈ പ്രവർത്തി.

അധ്യാപക വർഗത്തിനാകെ അപമാനകരമായ ഇത്തരം പ്രവണതകൾ അധ്യാപക ലോകം ഒന്നാകെ അപലപിക്കണമെന്ന് യോഗം അഭ്യർത്ഥിച്ചു. കള്ളപ്പരാതി നൽകി സഹാദ്ധ്യാപകനെ ദ്രോഹിച്ച ടി.വി.ജോർജിന്റെ നടപടികളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി സത്യം പുറത്തുകൊണ്ടുവരണമെന്ന് യോഗം മാനേജ്മെന്റിനോട് അഭ്യർത്ഥിച്ചു.

## 'കേരള സർവ്വകലാശാല അക്കാദമിക് കമ്മററി'

കേരള സർവ്വകലാശാലയിലെ ബിരുദ കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിലാക്കുന്നത് സംബന്ധിച്ചത് കേരള സർവ്വകലാശാല മേഖലയിലെ പ്രവർത്തകസമിതി അംഗങ്ങൾ, അക്കാദമിക് കമ്മിററി അംഗങ്ങൾ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാർ, അക്കാദമിക് കൗൺസിൽ അംഗങ്ങൾ എന്നിവരുടെ യോഗം സെപ്തംബർ 22ന് എ.കെ.പി.സി.ടി.എ ഓഫീസിൽ വച്ച് ചേർന്നു. സർവ്വകലാശാല സിൻഡിക്കേററ് അംഗം പ്രൊഫ.ആർ.മോഹനകുമാർ വിഷയമവതരിപ്പിച്ചു. എ.കെ.പി.സി.ടി.എ പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫ്, ജനറൽ സെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻനായർ, എന്നിവർ പങ്കെടുത്തു. അംഗങ്ങൾ സജീവ ചർച്ചയിൽ പങ്കെടുത്തു. ഈ വിഷയത്തെ സംബന്ധിച്ച് സെപ്തംബർ 30 ന് വിപുലമായ യോഗം കൂടുവാൻ യോഗത്തിൽ തീരുമാനമായി.

## വനിതാ സബ്കമ്മിററി രൂപീകരണം

തിരുവനന്തപുരം ജില്ലയിലെ വനിതാ അംഗങ്ങളുടെ പ്രവർത്തനം സജീവമാക്കുന്നതിനുവേണ്ടി 22.09.2001 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് സംസ്ഥാന കമ്മിററി ആഫീസിൽ കൂടിയ വനിതാ പ്രവർത്തകയോഗത്തിൽ വച്ച് ഡോ.രാജലക്ഷ്മി (എം.ജി.കോളജ്) ചെയർപേഴ്സൺ ഡോ.ലോഹാനചന്ദ്രൻ (സെന്റ് സേവിയേഴ്സ് കോളജ്) കൺവീനർ. ഡോ.സുഷമ, പ്രൊഫ.ശ്രീദേവി (എസ്.എൻ.വർക്കല) സരോജാദേവി (എം.ജി.കോളജ്) എന്നിവർ കമ്മററി അംഗങ്ങളുമായി വനിതാ സബ്കമ്മററി രൂപീകരിച്ചു. പ്രസ്തുത യോഗത്തിൽ പ്രൊഫ.എ.പ്രതാപചന്ദ്രൻ നായർ, പ്രൊ.സതീശ്ചന്ദ്രൻ, പ്രൊ.ഷാഹുൽ ഹമീദ് തുടങ്ങിയവർ പങ്കെടുത്തു.

## സെമസ്റ്റർ വർക്ക്ഷോപ്പ്

തിരുവനന്തപുരം ജില്ല, എ.കെ.പി.സി.ടി.എ അക്കാദമിക് കമ്മിററിയുടെ ആഭിമുഖ്യത്തിൽ 30.9.2001ൽ സംസ്ഥാന കമ്മിററി ഓഫീസിൽ വച്ച് കേരള യൂണിവേഴ്സിററിയിൽ ഡിഗ്രി തലത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള സെമസ്റ്റർ സമ്പ്രദായത്തെക്കുറിച്ച് ഏകദിനവർക്ക്ഷോപ്പ് നടന്നു. യൂണിവേഴ്സിററിയിലെ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽററി, അക്കാദമിക് കൗൺസിൽ, സംഘടനയുടെ അക്കാദമിക് കമ്മിററി തുടങ്ങിയ വിവിധ അക്കാദമിക് ബോഡികളിലെ അംഗങ്ങൾ വർക്ക്ഷോപ്പിൽ പങ്കെടുത്തു. എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി പ്രൊ.എ.പ്രതാപചന്ദ്രൻ നായർ വർക്ക് ഷോപ്പ് ഉദ്ഘാടനം ചെയ്തു. ഏര്യാ സെക്രട്ടറി പ്രൊഫ.വിജയധരൻ അധ്യക്ഷനായിരുന്നു. സിൻഡിക്കേററ് മെമ്പർ പ്രൊഫ. ആർ.മോഹനകുമാർ സെമസ്റ്റർ സിസ്റ്റം എങ്ങനെ നടപ്പിലാക്കാമെന്ന് വിശദീകരിച്ചു. പ്രൊഫ.സുദർശനകുമാർ സ്വാഗതമാംശംസിച്ചു. ജില്ലാ സെക്രട്ടറി നന്ദി രേഖപ്പെടുത്തി.

## എ.കെ.പി.സി.ടി.എയ്ക്ക് എതിരില്ല

വർക്കല ശ്രീനാരായണ കോളജ് കൗൺസിലിലേക്ക് എ. കെ. പി. സി. ടി. എ അംഗങ്ങളായ പ്രൊഫ. എസ്. വിജയൻ നായർ, ഭുവചന്ദ്രൻ എന്നിവരെ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

## നിയമവിരുദ്ധമായ ഇൻറർ മാനേജ്മെൻറ് സ്ഥലംമാററം കേരള യൂണിവേഴ്സിററി അംഗീകാരം നിഷേധിച്ചു.

ഇരിങ്ങാലക്കുട ക്രൈസ്ററ് കോളേജിലെ സുവോളജി വിഭാഗം അദ്ധ്യാപകനായ ഡോ. ജോസ്കുമാറിനെ അഞ്ചൽ സെൻററ് ജോൺസ് കോളേജിലേക്ക് സ്ഥലംമാററം നടത്തിയ മാനേജ്മെൻറിൻെറ നടപടിക്ക് അംഗീകാരം നൽകാൻ സാധിക്കുകയില്ലെന്ന് കേരളാ യൂണിവേഴ്സിററി അറിയിച്ചു. ഇൻറർ മാനേജ്മെൻറിൻെറ ഇൻറർ സർവ്വകലാശാല സ്ഥലംമാററത്തിൽ സർവ്വകലാശാല നിയമത്തിൽ വ്യവസ്ഥയില്ലെന്നും മേൽപ്പടി സ്ഥലംമാററം ക്രമരഹിതവും, അസാധുവാണെന്നും, കേരള യൂണിവേഴ്സിററി അറിയിച്ചു.

### ആലപ്പുഴ

## എ.കെ.പി.സി.ടി.എ വിജയിച്ചു

ചേർത്തല എൻ.എസ്.എസ്.കോളജ് കൗൺസിലിലേക്ക് ഏ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളായ ബി.ശ്രീകുമാർ, എസ്.മോഹൻദാസ് എന്നിവരെ ഏകകണ്ഠമായി തെരഞ്ഞെടുത്തു.

ചേർത്തല സെൻ്റ് മൈക്കിൾസ് കോളജ് കൗൺസിൽ തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എസ്ഥാനാർത്ഥി ഫ്രാൻസിസ് സെൽമകുീനി തെരഞ്ഞെടുക്കപ്പെട്ടു.

### തൃശ്ശൂർ

## സെമസ്റ്റർ സിസ്റ്റം വർക്ക്ഷോപ്പ്

കോഴിക്കോട് സർവ്വകലാശാലയിൽ 2002 മുതൽ ഡിഗ്രി കോഴ്സുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന സെമസ്റ്റർ സമ്പ്രദായത്തിൻ്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിന് 23.9.2001 ന് തൃശൂർ കേരളവർമ്മ കോളജിൽ വച്ച് ഏകദിന വർക്ക് ഷോപ്പ് നടന്നു. കോഴിക്കോട് സർവ്വകലാശാലാ പി.വി.സി. പ്രൊഫ.എം.സലീം വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ. യെ സംസ്ഥാന പ്രസിഡൻ്റ് പ്രൊഫ.തോമസ് ജോസഫ്, ഗാന്ധിജി യൂണിവേഴ്സിററി മുൻ സിൻഡിക്കേററ് മെമ്പർ പ്രൊഫ.കെ.സദാശിവൻ നായർ എന്നിവർ സെമസ്റ്ററൈസേഷനുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് വിശദീകരിച്ചു. ജില്ലാ പ്രസിഡൻ്റ് സ്വാഗതം ആശംസിച്ചു. സെക്രട്ടറി നന്ദി രേഖപ്പെടുത്തി.

### കോഴിക്കോട്

## സെമസ്റ്റർ സിസ്റ്റം - വർക്ക്ഷോപ്പ്

കോഴിക്കോട് യൂണിവേഴ്സിററിയിൽ നടപ്പിലാക്കുന്ന ഡിഗ്രി തലത്തിലെ സെമസ്റ്റർ സമ്പ്രദായത്തിൻ്റെ വിശദാംശങ്ങളെക്കുറിച്ച് എ.കെ.പി.സി.ടി.എ അക്കാദമിക് കമ്മിററി ഏകദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. 30.9.2001ൽ കോഴിക്കോട് സാമറിൻസ് ഹയർ സെക്കൻ്ററി സ്കൂളിൽ നടന്ന വർക്ക്ഷോപ്പ് പ്രൊഫ.വി.നാരായണൻ കുട്ടി (സിൻഡിക്കേററ് മെമ്പർ) ഉദ്ഘാടനം ചെയ്തു. പ്രൊഫ.തോമസ്ജോസഫ് (എ.കെ.പി.സി.ടി.എ പ്രസിഡൻ്റ്) പ്രൊഫ. കെ. സദാശിവൻ നായർ (മുൻ ജനറൽ സെക്രട്ടറി) പ്രൊഫ.ടി.കെ.തോമസ് (സിൻഡിക്കേററ് മെമ്പർ) എന്നിവർ യൂണിവേഴ്സിററി തയ്യാറാക്കിയ സെമസ്റ്റർ റഗു

ലേഖനെക്കുറിച്ചും സ്കീമിനെക്കുറിച്ചുമുള്ള വിശദാംശങ്ങൾ അവതരിപ്പിച്ചു. യൂണിവേഴ്സിററി അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, അക്കാദമിക് കമ്മിററി തുടങ്ങിയ ബോഡികളിലെ അംഗങ്ങൾ വർക്ക്ഷോപ്പിൽ പങ്കെടുത്തു. പ്രൊഫ.എ. ശിവരാമൻ സ്വാഗതവും, ഡോ.ഡി.ആർ.കെ. ബാബു നന്ദിയും രേഖപ്പെടുത്തി.

### മലപ്പുറം

## സർവ്വകലാശാല ഓർഡിനൻസ് പിൻവലിക്കണം

സർവ്വകലാശാലകളിലെ ജനാധിപത്യ ഭരണക്രമം അട്ടിമറിക്കാനും സിൻഡിക്കേററിൽ സ്വന്തക്കാരെ തിരുകിക്കയററാനും ഉദ്ദേശിച്ചുള്ള സർവ്വകലാശാല ഓർഡിനൻസ് പിൻവലിക്കണമെന്ന് എ.കെ.പി.സി.ടി.എ മലപ്പുറം ജില്ലാ കമ്മിററി ആവശ്യപ്പെട്ടു. സർവ്വകലാശാലകളെ സർക്കാർ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരാനുള്ള ഇത്തരം ശ്രമങ്ങളെ ചെറുത്തു തോൽപ്പിക്കണമെന്ന് യോഗം വിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന എല്ലാവരോടും അഭ്യർത്ഥിച്ചു.

എം.ഇ.എസ് കോളജുകളിൽ 64, 68 വകുപ്പുകൾ പ്രകാരമുള്ള സ്ഥലം മാററ മാനദണ്ഡങ്ങൾ നടപ്പാക്കണമെന്ന് ജില്ലാ കമ്മിററി മാനേജുമെന്റിനോട് അഭ്യർത്ഥിച്ചു.

ജീവനക്കാർക്കും അധ്യാപകർക്കും അർഹതപ്പെട്ട ക്ഷാമബത്താ കുടിശിക നൽകാത്ത സർക്കാർ നടപടിയിൽ യോഗം ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി.

പ്രസിഡന്റ് പ്രൊഫ. അലവികുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി. ഡോ. കെ.ബാലചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലയിൽ വനിതാ സബ്കമ്മി രൂപീകരിച്ചു. കൺവീനറായി ശ്രീമതി.എസ്. ഗംഗാദേവിയെ തെരഞ്ഞെടുത്തു.

### വയനാട്

## കൗൺസിൽ തിരഞ്ഞെടുപ്പ്

**സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജ് സ്റ്റാഫ് കൗൺസിൽ തിരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ സ്ഥാനാർത്ഥികളായ പ്രൊഫ.ററി. ജെ. തോമസ്, പ്രൊഫ. കെ. സി. എബ്രഹാം എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.**

# സർവീസ് പംക്തി

**?** Special disability leave അനുവദിച്ചു കിട്ടുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്.

*ശ്രീമതി ലീനാകുമാരി, കൊല്ലം.*

**=** Official duty നിർവ്വഹിച്ചതിന്റെ ഫലമായി ഒരാൾക്ക് disability ഉണ്ടാകുന്നപക്ഷം അനുവദിക്കുന്നതാണ് ഈ അവധി. ഈ അവധി അനുവദിക്കുന്നത് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. (a) Disability ഉണ്ടായ സാഹചര്യം എത്രയും വേഗം മേലധികാരികളെ അറിയിച്ചിരിക്കണം. ഇത് മൂന്നു മാസത്തിൽ കൂടുതൽ താമസിച്ചുകൂടാ.

(b) ഇതിനുവേണ്ടി അനുവദിക്കാവുന്ന പരമാവധി leave 24 മാസമോ, മെഡിക്കൽ സർട്ടിഫിക്കററിൽ രേഖപ്പെടുത്തിയിരിക്കുന്ന കാലയളവോ, ഇതിലേതാണോ കുറവ് അതായിരിക്കും.

(c) ഈ അവധി മററ് അവധികളോട് ചേർത്ത് എടുക്കാവുന്നതാണ്.

(d) ആദ്യത്തെ 4 മാസത്തേക്ക് Earned leave നെ പോലെ leave salary നൽകുന്നതും അതു കഴിഞ്ഞുള്ള കാലത്തേക്ക് half pay leave നിരക്കിലുള്ള salary യും നൽകുന്നതാണ്.

**?** പുതുക്കിയ UGC ശമ്പളം വാങ്ങുമ്പോൾ 1-1-96 മുതൽ നിലവിലിരിക്കുന്ന DA നിരക്കുകൾ ഏതെല്ലാമാണ്.

*ശ്രീ.ഹബീബ്, മലപ്പുറം*

**=** Revised scale ലുള്ള ശമ്പളത്തിന് 1-1-99 വരെ അനുവദിച്ചിരിക്കുന്ന DA നിരക്കുകൾ താഴെ കൊടുക്കുന്നു.

| Date | DA | Date | DA | Date | DA |
|---|---|---|---|---|---|
| 1-1-96 | 0 % | 1-7-97 | 13 % | 1-1-99 | 32 % |
| 1-7-96 | 4 % | 1-1-98 | 16 % | | |
| 1-1-97 | 8 % | 1-7-99 | 22 % | | |

1.7.99 മുതലുള്ള DA സംസ്ഥാനത്ത് അനുവദിച്ചിട്ടില്ല

**?** 24-07-2001ൽ 55 വയസ്സ് പൂർത്തിയായ എനിക്ക് Selection Grade Placement ന് അർഹത നേടുന്നത് 28-10-2001 ൽ ആണ്. ആ placement അംഗീകരിച്ചു കിട്ടുമോ?

*ശ്രീ.നാരായണൻകുട്ടി, തൃശൂർ*

**=** 55 വയസ്സ് പൂർത്തിയാക്കുന്ന തീയതിക്കകം അർഹമാകുന്ന ഇൻക്രിമെന്റും ഉദ്യോഗക്കയററവും ലഭിക്കാൻ ജീവനക്കാർക്ക് അവകാശമുണ്ടായിരിക്കും. എന്നാൽ 55 വയസ്സ് പൂർത്തിയാവുന്ന തീയതിക്കുശേഷമുള്ള സർവ്വീസിൽ ഉദ്യോഗകയററത്തിനോ ഇൻക്രിമെന്റിനോ അർഹതയില്ല.

**വായനക്കാരുടെ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നതിന് എഴുതുക.**

**Prof. T. N. മനോഹരൻ,** വടയക്കാട് ഹൗസ്, കുന്നുകുഴി പി. ഒ, തിരുവനന്തപുരം-37.

## വനിതാവേദി

# ഇതും കേരള മോഡൽ!

ഡോ. ആർ.ബി.രാജലക്ഷ്മി
എം.ജി.കോളജ്

2001 - സെപ്തംബർ 6-വ്യാഴം, കേരളസംസ്ഥാനത്തിന്റെ തലസ്ഥാന നഗരിയിൽ ഒരു കൂട്ടം പുരുഷന്മാരുടെ അഴിഞ്ഞാട്ടം നടന്നു. നഗരസഭാജീവനക്കാർ നഗരമാതാവിനെ കൈയേററം ചെയ്തു. ഈ സന്ദർഭത്തിൽ മൂകസാക്ഷികളായി, ലാത്തി പുറം ചൊറിയാനുള്ള ഒരു ഉപകരണമാണെന്ന കണ്ടെത്തലോടെ നിന്ന പോലീസ് മറെറാരു സന്ദർഭത്തിൽ വികാരാധീനരായി. മേയറെ കയ്യേററം ചെയ്തതിനും പോലീസിന്റെ നിശ്ശബ്ദതയ്ക്കും എതിരെ നഗരത്തിൽ പ്രകടനം നടത്തിയ എം.പി, എം.എൽ.എ ഉൾപ്പെടെയുള്ള വനിതാ നേതാക്കളെ പീഡിപ്പിക്കാനായിരുന്നു ഈ വ്യഗ്രത. പലർക്കും പരിക്കുപററി. വസ്ത്രാക്ഷേപം വരെ നടന്നു എന്ന് പരാതി ഉയർന്നിട്ടുണ്ട്. സ്ത്രീ പീഡനം ഒരു കലയാക്കി ഉയർത്താനും അതിനൊരു അക്കാദമി സ്ഥാപിക്കാനും താല്പര്യപ്പെടുന്ന ഭരണകർത്താക്കളുടെ പോലീസിനു മാത്രമേ ഈ വിധത്തിലുള്ള പ്രവർത്തനത്തിൽ ഏർപ്പെടാൻ കഴിയൂ. ഇതും ഒരു കേരളാമോഡൽ!

കഴിഞ്ഞ കുറെ നാളുകളായി സ്ത്രീകൾക്കെതിരെയുള്ള കുററകൃത്യങ്ങൾ കേരളത്തിലെമ്പാടും വർദ്ധിച്ചു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. സ്ത്രീ പീഡനവാർത്തകൾ മുടക്കം കൂടാതെ പത്രമാസികകളിൽ പ്രസിദ്ധീകരിച്ചു കാണുന്നുമുണ്ട്. അതിൽ ഏറെ ശ്രദ്ധേയമാണ് നഗരമാതാവിനോടുള്ള ഈ അതിക്രമം. കാരണം, ഭരണയന്ത്രത്തിന്റെ ചുക്കാൻ പിടിക്കുന്ന എം.പി, എം.എൽ.എ മേയർ തുടങ്ങിയവരോടുള്ള പുരുഷസമീപനം ഇതാണെങ്കിൽ സാധാരണ ജനങ്ങളുടെ അനുഭവമെന്തായിരിക്കുമെന്നത് ഊഹനീയമല്ലേ. 33% സംവരണത്തിലൂടെ അധികാരശ്രേണിയിലെത്തിയ വനിതകളെ ശാക്തീകരിക്കുന്നതിങ്ങനെയോ? സ്ത്രീകളുടെ അഭിമാനവും ജീവനും സംരക്ഷിക്കാൻ കടപ്പെട്ടവരിൽ നിന്നു തന്നെ ഇത്തരം പ്രതിലോമ പ്രവർത്തനങ്ങൾ ഉണ്ടാകുന്നത് 'വേലി തന്നെ വിളവു തിന്നപോലെയായി'.

'കേരള മോഡൽ' എന്നു സ്വദേശത്തും വിദേശത്തും പ്രകീർത്തിക്കപ്പെടുന്ന സാക്ഷരകേരളത്തിലെ ദയനീയാവസ്ഥയാണിത്. നടുറോഡിൽ പരസ്യമായി സ്ത്രീകളെ വസ്ത്രാക്ഷേപം നടത്തുന്ന ഇവർ ദുശ്ശാസനന്മാരുടെ പുതിയ അവതാരങ്ങളാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സമ്പൂർണ്ണ സാക്ഷരർ അല്ല രാക്ഷസരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. നമുക്കു ലജ്ജിയ്ക്കാം.

നഗരമാതാവിനോട് സ്വന്തം കാര്യാലയത്തിലെ ജീവനക്കാർ തന്നെ ഇത്തരം ക്രൂരത കാട്ടാൻ അവർ ചെയ്ത കുററമെന്താണ്? സംവരണത്തിലൂടെ അധികാരത്തിലെത്തിയതോ? വമ്പിച്ച ഭൂരിപക്ഷത്തോടെ ഭരണം നടത്തുന്നതോ? അതോ നിയമാനുസൃതം കാര്യങ്ങൾ നടക്കണമെന്ന് ആഗ്രഹിക്കുന്നതോ ? ഈ സംഭവത്തിനുമുമ്പ് തന്നെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തുന്ന പല പ്രവൃത്തികളും അവിടെ നടക്കുന്നതായി വാർത്തകൾ വന്നിരുന്നു. ജനകീയാസൂത്രണത്തിന്റെ പ്രവർത്തനങ്ങളെ അട്ടിമറിയ്ക്കുന്ന, വികസന പ്രവർത്തനങ്ങളെ മരവിപ്പിയ്ക്കുന്ന നടപടികൾ. അതിൽ പ്രധാനം ഉദ്യോഗസ്ഥരെ കൂട്ടത്തോടെ സ്ഥലം മാററുന്ന പ്രതികാരബുദ്ധിയായിരുന്നു. സുഗമമായ വികസനപ്രവർത്തനത്തെ തടയാൻ അതു ധാരാളം മതിയല്ലോ. ഇതിനെല്ലാററിനും പുറമേയാണ് നഗരമാതാവിനോടുള്ള അതിക്രമം.

എന്നാൽ ഇതിലൊന്നും തളരുന്നതല്ല നഗരമാതാവിന്റെ കരുത്ത്. കുറെക്കൂടി വീര്യത്തോടെ പ്രവർത്തനങ്ങൾ തുടരുമെന്നു നമുക്കറിയാം. കാരണം നമ്മുടെ സംഘടനയുടെ മുന്നണി പോരാളിയായിരുന്ന, സഹയാത്രികയായിരുന്ന ചന്ദ്രടീച്ചർക്ക് അതിനുള്ള ശക്തിയുണ്ട്,പ്രവർത്തന പാരമ്പര്യമുണ്ട്. എങ്കിലും ഇനിയും ഇത്തരം ക്രൂരതകൾ ആവർത്തിയ്ക്കപ്പെടാം. അതിനെതിരെ പോരാടാൻ നമ്മൾ ഒരുങ്ങിയിരിക്കുക. ❖

# മുനമ്പിലെ പ്രതിസന്ധി

ഡോ.സി. ആർ.പ്രസാദ്

എം.ജി.കോളജ്, തിരുവനന്തപുരം

"ശുചീന്ദ്രത്തുനിന്ന് സൈക്കിളിൽ വേഗത്തിൽ ചവുട്ടിയാൽ എന്റെ സ്ക്കൂൾ പ്രായത്തിൽ മുക്കാൽ മണിക്കൂറിനകം മരുത്തുവാം മലയുടെ അടിവാരത്തിലെത്താം."

"ശുചീന്ദ്രം അമ്പലത്തിലെത്തുന്ന ടൂറിസ്റ്റുകൾക്ക് ഗൈഡായി ചമഞ്ഞ് ആരുമറിയാതെ ചില്ലറ കാശുണ്ടാക്കുന്ന കാലഘട്ടം കൂടിയായിരുന്നു അത്."

"ഈ പ്രത്യേക സാഹചര്യങ്ങളുടെ സമ്മർദ്ദം മൂത്തപ്പോൾ ഒരു ദിവസം എന്റെ പന്ത്രണ്ടാം വയസ്സിൽ ഞാൻ വീട്ടിൽ നിന്നും ഒളിച്ചോടി. ഇനി മടങ്ങിച്ചെല്ലാൻ ഇടവരില്ല എന്ന ഉറപ്പോടെയാണ് വീടുവിട്ടത്."

ടി.എൻ. ഗോപകുമാറിന്റെ മുനമ്പ് എന്ന നോവൽ വായിച്ചപ്പോൾ, അദ്ദേഹത്തിന്റെ ശുചീന്ദ്രം രേഖകളിലെ ഈ വാക്യങ്ങൾ ഓർമ്മയിലെത്തുകയും ശ്രദ്ധിപ്പിക്കാൻ പിടിവാശി കാണിക്കുകയും ചെയ്തു. ദേവനായകം എന്ന ഒരു കഥാപാത്രം നോവലിലും ഓർമ്മക്കുറിപ്പിലും കടന്നുവരുന്നതും സാദൃശ്യങ്ങളുടെ ആശ്ചര്യംകൂട്ടാൻ കാരണമായി. മുനമ്പ് എന്ന നോവൽ എഴുത്തുകാരന്റെ ജീവിതയാത്രാവിവരണമാണ് എന്ന ആരോപണം ഉന്നയിക്കാൻ വേണ്ടിയല്ല ഇത്രയും പറഞ്ഞത്. എഴുത്തിന്റെ പിന്നാമ്പുറങ്ങളിൽ പ്രചോദനശക്തിയായി വ്യക്ത്യനുഭവങ്ങളുടെ അദൃശ്യസാന്നിദ്ധ്യമുണ്ട് എന്ന് സൂചിപ്പിക്കാനാണ്.

മുനമ്പ് യാത്രയിലെ പ്രതിസന്ധിയാണ്; തുടർച്ചയെ തടയുന്ന സ്ഥലത്തിന്റെ അതിർത്തി. തുടർന്നുപോന്ന രീതി ഉപയോഗിക്കാൻ കഴിയാതെ, മുന്നോട്ടു നീങ്ങാൻ മറ്റേതെങ്കിലും മാർഗ്ഗം കണ്ടെത്തേണ്ട അവസ്ഥ. ഇവിടെ വച്ച് ഒരുപക്ഷേ മടക്കയാത്രയ്ക്കുള്ള പ്രേരണ ഉണ്ടാകാം. പിന്മടക്കം സാർത്ഥകമാകണമെങ്കിൽ ഉപേക്ഷിച്ചുപോന്നവയെക്കുറിച്ചുണ്ടായ തെററായ ധാരണകൾ തിരുത്തേണ്ടി വരും എന്നുമാത്രം.

പ്രതീക്ഷയോടെ മുന്നോട്ടു കുതിയ്ക്കുകയും അപ്രതീക്ഷിതമായി മടങ്ങുകയും ചെയ്യേണ്ട വിധി ഈ നോവലിലെ ഫാത്തിംസൺ എന്ന നായകനുണ്ടാകുന്നു. പെട്ര എന്ന ജർമ്മൻ യുവതിയിലൂടെയും മീര എന്ന ശുചീന്ദ്രത്തുകാരിയിലൂടെയും വർത്തമാന കാലത്തെയും സ്ഥലത്തെയും ഉപേക്ഷിക്കാൻ ഫാത്തിംസൺ ശ്രമിയ്ക്കുന്നു. പെട്രയുമായുള്ള ബന്ധത്തിലൂടെ മുനമ്പിൽ നിന്നും രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും മാരാരിക്കുളം അവനു സമ്മാനിച്ചത് മടക്കയാത്രയാണ്. എന്നാൽ അവിടെനിന്നുമുള്ള തിരിച്ചുവരവിൽ അവന് ഒരു തൃപ്തിയുണ്ടായിരുന്നു. മുക്കുവനായി കേരളത്തിൽ ജനിച്ച അച്ഛൻ അമ്മയെയും കൂട്ടി കന്യാകുമാരിയിൽ വന്നുതാമസിക്കുന്നത് എന്തിന് എന്ന ചോദ്യത്തിന് ഉത്തരം കിട്ടിയ സന്തോഷം. സ്ഥലകാലങ്ങളുടെ നീരസത്തെക്കാൾ അവയുടെ യാഥാർത്ഥ്യം തിരിച്ചറിയുന്നത് ഒരു സാംസ്കാരിക നേട്ടമാകുന്നത് എങ്ങനെയെന്ന് അനുഭവം അവനെ പഠിപ്പിച്ചു. മുനമ്പിലേക്കുള്ള തീവണ്ടിയിൽ ഇരിക്കുമ്പോൾ ഫാത്തിംസൺ ആലോചിച്ചത് ഏഴുമണിക്കൂറുകളെക്കുറിച്ചാണ്. പുതിയ ബന്ധത്തിന്റെ സൂചനയായ ഏഴു ചുവടുകൾ മണിക്കൂറുകളായി രൂപമാററം വന്നെന്നുമാത്രം. ഫാത്തിംസൺ അങ്ങനെ ഒരു സാംസ്കാരിക വീണ്ടെടുപ്പു നടത്തി




*മുനമ്പ്*
*ടി. എൻ. ഗോപകുമാർ*
*കറൻറ് ബുക്സ്*
*വില. 40 രൂപ*

അനുഭവ യാഥാർത്ഥ്യത്തിന്റെ ബോധത്തിൽ പ്രതികരിക്കുന്ന അച്ഛനും സ്വപ്നലോകഭ്രമത്തിൽ വർത്തമാനകാലം മറക്കാൻ കൊതിക്കുന്ന മകനും തമ്മിലുള്ള ബന്ധം ഇതിവൃത്തത്തിലെ സംഘർഷ നിയന്ത്രണം ഏറെറടുക്കുന്നുണ്ട്. രണ്ടു തലമുറകളുടെ പ്രതിനിധികളെക്കാൾ സംസ്കാരങ്ങളുടെ പ്രതീകമായി അവർ മാറുന്നു. മകന്റെ ആഗ്രഹങ്ങൾക്ക് തടസ്സംനിൽക്കുന്നില്ല. എന്ന അച്ഛന്റെ സ്വഭാവം ഫാത്തിംസണിന്റെ അച്ഛനെക്കുറിച്ചുള്ള ചിന്തയ്ക്ക് കാരുണ്യസ്പർശം നൽകുന്നുണ്ട്. അധികാരത്തിന്റെ പിതൃഭാവത്തെക്കാൾ സൗഹൃദത്തിന്റെ അനുഭവതീവ്രതയാണ് അവരുടെ ബന്ധത്തിനുള്ളത്. നിഷേധത്തെക്കാൾ സമന്വയത്തിന് കരുത്തുണ്ട് എന്ന് ഫാത്തിംസൺ മനസ്സിലാക്കുന്നതും ഈ ബന്ധത്തിലൂടെയാണ്. ഫാത്തിംസണിന്റെയും മാതാപിതാക്കളുടെയും ചിന്തയിലെ ചേർച്ചയും എതിർപ്പും എവിടൊക്കെയാണ് എന്ന് ജർമ്മൻകാരിക്കു മനസ്സിലാകുന്നുണ്ട്. അവനെ മുനമ്പിലേക്ക് മടക്കി അയയ്ക്കുന്നതിനു കാരണം അതാണ്.

ഫാത്തിംസണിന്റെ ജീവിതഗതി തിരിച്ചുവിടുന്നത് കേരളമാണ്. അമ്മയും അച്ഛനും കേരളീയർ, അയാൾ ഇഷ്ടപ്പെട്ട മീരയെ മറെറാരാൾ വിവാഹം കഴിച്ചു കൊണ്ടുപോയത് തിരുവനന്തപുരത്തെ കരമനയിലേക്ക്, ജർമ്മൻ ജീവിതസ്വപ്നത്തിന് കടിഞ്ഞാണിട്ടത് ആലപ്പുഴയിലെ മാരാരിക്കുളം. ഭൂതകാലം അദൃശ്യസാന്നിദ്ധ്യമായി എല്ലാചലനങ്ങളിലും കടന്നു വരികയാണ്. മറക്കാനോ മറയ്ക്കാനോ ശ്രമിക്കുന്ന സാംസ്കാരിക പശ്ചാത്തലം ഒഴിവാക്കാനാവാതെ പിന്തുടരുകയാണ്.

